# CAREER GUIDANCE BUREAU

**KERALA'S No. 1 PRE-RECRUITMENT TRAINING CENTRE**

**ATTINGAL I THAMPANOOR I KOTTARAKKARA**

# CAREER Updates

## പത്രവൃത്താന്തം

**2019 സെപ്തംബർ 1 മുതൽ 30 വരെയുള്ള പ്രധാന തലക്കെട്ടുകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്**

---

## സെപ്തംബർ 1, 2019

### പ്രാദേശിക വാർത്തകൾ

◈ 67-ാമത് 'നെഹ്റു ട്രോഫി വള്ളംകളി' ജേതാക്കൾ

**നടുഭാഗം ചുണ്ടൻ**

- ✔ **1952-ൽ ആദ്യ നെഹ്റു ട്രോഫി ജേതാക്കളായ നടുഭാഗ ചുണ്ടൻ വള്ളംകളിയുടെ 67-ാം പതിപ്പിലാണ് വീണ്ടും ജലരാജ കിരീടം സ്വന്തമാക്കിയത്.**
- ✔ **രണ്ടാം സ്ഥാനം - ചമ്പക്കുളം ചുണ്ടൻ**
- ✔ **മൂന്നാം സ്ഥാനം - കാരിച്ചാൽ ചുണ്ടൻ**

◈ ആഗസ്റ്റ് 2019-ൽ അന്തരിച്ച കേരളത്തിലെ ജൂത സമുദായത്തിലെ


**നിങ്ങളുടെ വാട്സാപ്പ് ഗ്രൂപ്പുകളിൽ കരിയർ ഗൈഡൻസ് ബ്യൂറോ തയ്യാറാക്കിവരുന്ന പത്രവാർത്തകളെ അടിസ്ഥാന പ്പെടുത്തിയുള്ള Career Daily Updates ലഭിക്കണമെങ്കിൽ 9249771004 എന്ന നമ്പർ പ്രസ്തുത ഗ്രൂപ്പിൽ add ചെയ്യുക.**

# CAREER GUIDANCE BUREAU

ഏറ്റവും പ്രായം കൂടിയ വനിത

**സാറ കോഹൻ**

- മോട്ടോർ വാഹന നിയമ ഭേദഗതി നിലവിൽ വരുന്നത്

**സെപ്തംബർ 1, 2019**

- സർക്കാർ വകുപ്പിലെ ഭരണ നിർവ്വഹണത്തിൽ മികവ് പുലർത്തുന്നവർക്ക് നൽകി വരുന്ന 'സ്കോച്ച് ഓർഡർ ഓഫ് മെരിറ്റ്' 2019-ൽ അർഹമായ വകുപ്പ്

**കേരള വിജിലൻസ് വകുപ്പ്**

✔ **വിജിലൻസ് വകുപ്പിൽ സൈബർ ഫോറൻസിക് വിഭാഗം നടത്തുന്ന പ്രവർത്തന മികവിനാണ് പുരസ്കാരം.**

- ദക്ഷിണാഫ്രിക്കയിലെ കിഴക്കൻ കേപ് പ്രവിശ്യയിലെ നിയമനിർമ്മാണ സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യാക്കാരൻ

**അനിൽകുമാർ കേശവപിള്ള (മലയാളി)**

## ദേശീയ വാർത്തകൾ

- അടുത്തിടെ ദേശീയ പൗരത്വ രജിസ്റ്റർ പുറത്തിറക്കിയ സംസ്ഥാനം

**അസം**


## എൽ.ഡി. ക്ലാർക്ക് 2020

### പുതിയ ബാച്ചുകൾ വിജയദശമി ദിനമായ ഒക്ടോബർ 8 മുതൽ

**2020 ജൂൺ-ജൂലൈയിൽ നടക്കുന്ന എൽ.ഡി. ക്ലാർക്ക് പരീക്ഷയ്ക്കായിട്ടുള്ള വിദഗ്ദ്ധ പരിശീലന ക്ലാസ്സുകൾ കരിയർ ഗൈഡൻസ് ബ്യൂറോയിൽ ... റിസൾട്ടുകളെ സ്ഥാപനങ്ങളുടെ ബ്രാഞ്ചുകളുടെ എണ്ണം തിരിച്ചറിഞ്ഞ് ശരാശരി വിജയം കണക്കാക്കി നോക്കൂ... കരിയർ ഗൈഡൻസിന്റെ ഏഴയലത്തുപോലും മറ്റൊരു സ്ഥാപനവും ഇല്ലെന്ന യാഥാർത്ഥ്യം ബോധ്യപ്പെടും....**

**CAREER GUIDANCE BUREAU**

**ATTINGAL, THAMPANOOR & KOTTARAKKARA.**

**8590 333 999 & 0470 - 2621106**

# CAREER GUIDANCE BUREAU

- 5-ാമത് 'Aqua Aquaria India 2019'-ന് വേദിയാകുന്ന സംസ്ഥാനം

**ഹൈദരാബാദ്**

- ഏത് ദേശീയ സ്മാരകത്തിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ചാണ് 'ഏകഭാരതം വിജയീഭാരതം' എന്ന പേരിൽ ഒരു വർഷം നീളുന്ന ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്?

**സ്വാമി വിവേകാന്ദ സ്മാരകം (കന്യാകുമാരി)**

- അതിർത്തിരക്ഷാസേനയുടെ (ബി.എസ്.എഫ്) ഡയറക്ടർ ജനറലായി നിയമിതനായ വ്യക്തി

**വിവേക് കുമാർ ജൗഹരി**

- അടുത്തിടെ തമിഴ്നാട്ടിൽ നിന്നും കണ്ടെത്തിയ അപൂർവ്വയിനം ചിലന്തി

**Peacock Parachute Spider**

- ഇന്ത്യയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു മൃഗശാല സ്ഥാപിതമാകാൻ പോകുന്ന സ്ഥലം

**Gorewada (നാഗ്പൂർ)**

- ഒരു വർഷത്തിനിടെ 'മഗ്നീഷ്യം കാർബണേറ്റ്' അടങ്ങിയ 12 ബ്രാൻഡഡ് പാൻമസാലകൾ നിരോധിച്ച സംസ്ഥാനം

**ബീഹാർ**

- ആദ്യ ബാറ്ററിയിൽ പ്രവർത്തിക്കുന്ന ബസ് ഫ്ളാഗ് ഓഫ് ചെയ്യപ്പെട്ട ഇന്ത്യൻ നഗരം

**കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവിധ വകുപ്പുകളിലായി അസിസ്റ്റന്റുമാർ, എൽ.ഡി. ക്ലാർക്കുമാർ, ടീച്ചർമാർ, സബ് ഇൻസ്പെക്ടർമാർ, ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്, കമ്പ്യൂട്ടർ അസിസ്റ്റന്റുമാർ, ടൈപ്പിസ്റ്റുകൾ തുടങ്ങിയ തസ്തികകളിലായി ഒരു ബ്രാഞ്ചോ, ഫ്രാഞ്ചൈസിയോ ഇല്ലാതെ തന്നെ അയ്യായിരത്തിലധികം ഉദ്യോഗസ്ഥരെ സൃഷ്ടിച്ചിട്ടുള്ള സ്ഥാപനമാണ് ആറ്റിങ്ങൽ കരിയർ ഗൈഡൻസ് ബ്യൂറോ!!!**
**ഇതേ 10 വർഷംകൊണ്ട് ആയിരക്കണക്കിന് പേർക്ക് കോച്ചിംഗ് നൽകിയിട്ടും 200 പേരുടെപോലും നിയമനം ഉറപ്പാക്കാൻ കഴിയാത്ത സ്ഥാപനങ്ങളൊക്കെ ഒരുളുപ്പുമില്ലാതെ *നമ്പർ 1 സ്ഥാപനം* എന്നൊക്കെ അവകാശപ്പെട്ടുകാണുന്നു....**

**അഹമ്മദാബാദ്**

✔ **കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു.**

## ലോക വാർത്തകൾ

◈ ഊർജ-ഉരുക്ക് മേഖലകളിലെ സഹകരണം ശക്തിപ്പെടുത്താനായി കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ സന്ദർശിച്ച രാജ്യം

**റഷ്യ**

◈ അടുത്തിടെ പാകിസ്താൻ പരീക്ഷണം നടത്തിയ ബാലിസ്റ്റിക് മിസൈൽ

**ഗസ്നാവി**

◈ 2019-ലെ 'World Skill Competition'-ന്റെ വേദി

**Kazan (റഷ്യ)**

## പുരസ്കാരങ്ങളും ബഹുമതികളും

◈ അയ്മനം ദയ സാംസ്കാരിക സമിതിയുടെ 'എൻ.എൻ. പിള്ള സ്മാരക പുരസ്കാരത്തി'-ന് അർഹയായ മലയാള ചലച്ചിത്ര താരം

**`കവിയൂർ പൊന്നമ്മ**

## കായിക വാർത്തകൾ

◈ അണ്ടർ 15 സാഫ് ഫുട്ബോൾ ജേതാക്കൾ

**ഇന്ത്യ**

✔ **ഫൈനലിൽ നേപ്പാളിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ കിരീടം നേടിയത്.**

◈ ലോക ഫുട്ബോൾ അസോസിയേഷൻ (WFA)-ന്റെ പുതിയ പ്രസിഡന്റായി നിയമിതനായ വ്യക്തി

**ടോം ജോസ് കുന്നേൽ**

◈ അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റ് കളിക്കുന്ന ഏറ്റവും ഭാരം കൂടിയ താരം എന്ന നേട്ടത്തിനർഹനായ വെസ്റ്റ് ഇൻഡീസ് താരം

**റഖീം കോൺവാൾ**

# CAREER GUIDANCE BUREAU

◈ 36-ാമത് നാഷണൽ ഗെയിംസിന്റെ വേദി

**ഗോവ**

## സെപ്തംബർ 2, 2019

**പ്രാദേശിക വാർത്തകൾ**

◈ കേരള ഗവർണറായി നിയമിതനായ വ്യക്തി

**ആരിഫ് മുഹമ്മദ് ഖാൻ**

✔ **കേരള ഗവർണറായ ജസ്റ്റിസ് പി. സദാശിവത്തിന്റെ കാലാവധി സെപ്തംബർ 4, 2019-ന് അവസാനിക്കും.**

◈ അടുത്തിടെ അന്തരിച്ച ജി.എസ്. കൃഷ്ണൻ ഏത് മേഖലയിലാണ് പ്രശസ്തനായിരുന്നത്?

**പുല്ലാങ്കുഴൽ**

◈ അടുത്തിടെ അന്തരിച്ച, ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സിനിമാ സംഗീത സംവിധായകൻ എന്ന വിശേഷണത്തിന് അർഹനായ മലയാളി


## എൽ.പി./യു.പി. അസിസ്റ്റന്റ്

**പി.എസ്.സി നടത്തുന്ന എൽ.പി./യു.പി. ടീച്ചർ പരീക്ഷകൾക്ക് മുൻകൂട്ടി തയ്യാറെടുത്ത് നിയമനം ഉറപ്പാക്കാം. കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി നടന്നുവരുന്ന എല്ലാ എൽ.പി./യു.പി. ടീച്ചർ പരീക്ഷകളിലും ഒന്നാം റാങ്കുകളും രണ്ടാം റാങ്കുകളും ഉൾപ്പെടെയുള്ള 43% നിയമനവും തലസ്ഥാന ജില്ലയിൽ ഉറപ്പാക്കി വരുന്ന സ്ഥാപനമാണ് കരിയർ ഗൈഡൻസ് ബ്യൂറോ. ഇത്തവണത്തെ അധ്യയന വർഷമാരംഭിച്ച ജൂൺ 6 ന് മാത്രം 104 പേരാണ് തിരുവനന്തപുരം, മലപ്പുറം ജില്ലകളിലായി ടീച്ചർമാരായി ഈ സ്ഥാപനത്തിൽ നിന്നും സർവ്വീസിൽ പ്രവേശിച്ചത്.**

**റെഗുലർ ബാച്ചുകൾ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ**
**(10 am to 2 pm)**

**ഹോളിഡേ ബാച്ചുകൾ: ശനി, ഞായർ ദിവസങ്ങളിൽ (9 am to 4 pm)**

**CAREER GUIDANCE BUREAU**

**ATTINGAL, THAMPANOOR & KOTTARAKKARA.**

**8590 333 999 & 0470 - 2621106**

**എം. രാമചന്ദ്രൻ**

- ✔ **ന്യൂസ് പേപ്പർ ബോയ് എന്ന ചിത്രത്തിലൂടെയാണ് അദ്ദേഹം അരങ്ങേറ്റം കുറിച്ചത്.**

## ദേശീയ വാർത്തകൾ

◈ മഹാരാഷ്ട്രയുടെ പുതിയ ഗവർണറായി നിയമിതനാകുന്ന വ്യക്തി

**ഭഗത്സിംഗ് കോഷിയാരി**

- ✔ **രാജസ്ഥാന്റെ പുതിയ ഗവർണർ - കൽരാജ് മിശ്ര**

◈ ഹിമാചൽപ്രദേശിന്റെ പുതിയ ഗവർണറായി നിയമിതനാകുന്ന വ്യക്തി

**ബന്ദാരു ദത്താത്രേയ**

◈ തെലുങ്കാന സംസ്ഥാനത്തിന് മാത്രമായുള്ള ആദ്യ ഗവർണറായി നിയമിതയാകുന്ന വ്യക്തി

**തമിഴിസൈ സൗന്ദരരാജൻ**

◈ അടുത്തിടെ കരസേന ഉപമേധാവിയായി നിയമിതനായ വ്യക്തി

**ലഫ്. ജനറൽ മുകുന്ദ് നരവണെ**

◈ 400 വർഷത്തിലേറെ പഴക്കമുള്ള ഗോട്ട്മാർ ഫെയറിന് (കല്ലെറിയൽ ഫെസ്റ്റിവൽ) വേദിയാകുന്ന സംസ്ഥാനം

**മധ്യപ്രദേശ് (ചിന്ദ്വാര)**

◈ അടുത്തിടെ ഫിറ്റ് ഇന്ത്യ മൂവ്മെന്റിന്റെ ഭാഗമായി 'Walk to Work Campaign'-ന് തുടക്കം കുറിച്ച സംസ്ഥാനം

**മേഘാലയ**

- ✔ **മേഘാലയ മുഖ്യമന്ത്രി - Conrad R. Sangma**
- ✔ **മേഘാലയ ഗവർണർ - Tathagata Roy**

◈ ഏത് കടുവാസങ്കേതത്തിന് വേണ്ടിയാണ് 'സ്പെഷ്യൽ ടൈഗർ ഫോഴ്സ്' നിലവിൽ വരുന്നത്?

**ജിം കോർബേറ്റ് ടൈഗർ റിസർവ് (ഉത്തരാഖണ്ഡ്)**

◈ ഏത് സംസ്ഥാന ഗവൺമെന്റാണ് സംസ്ഥാന സെക്രട്ടറിയേറ്റ് ജീവനക്കാർ ജീൻസും ടീഷർട്ടും ധരിക്കുന്നത് വിലക്കിയത്?

**ബീഹാർ**

- ✔ **ബീഹാർ മുഖ്യമന്ത്രി - നിതീഷ് കുമാർ**
- ✔ **ബീഹാർ ഗവർണർ - ഫാഗു ചൗഹാൻ**

◈ ഏത് സംസ്ഥാന പോലീസ് വകുപ്പാണ് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനായി പ്രത്യേക സെൽ രൂപീകരിച്ചത്?

**ഒഡിഷ**

## ലോക വാർത്തകൾ

◈ തമിഴ്നാട് ഗവൺമെന്റ് ആരോഗ്യ പരിപാലന സഹകരണത്തിനായി കരാറിലേർപ്പെട്ട രാജ്യം

**യു.കെ.**

◈ 2019-ലെ 'Safe Cities Index'-ൽ ഓവറോൾ വിഭാഗത്തിൽ ഒന്നാമതെത്തിയ നഗരം

**ടോക്കിയോ (ജപ്പാൻ)**

- ✔ **ഇന്ത്യയിൽ നിന്നും ഒന്നാമതെത്തിയ നഗരം - മുംബൈ (45-ാം സ്ഥാനം)**
- ✔ **ഡൽഹി - 52-ാം സ്ഥാനം**

## വാർത്തകളിലെ പുസ്തകങ്ങൾ

◈ 'ടങ് ഇൻ ചീക്ക്-ദി ഫണ്ണി ഡെയ്സ് ഓഫ് ലൈഫ്' എന്ന പുസ്തക


## സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ്

**സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരളത്തിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും 2010 ന് ശേഷം ഏറ്റവും കൂടുതൽ ഉദ്യോഗസ്ഥരെ സൃഷ്ടിച്ച സ്ഥാപനം! പരീക്ഷകളുടെ യഥാർത്ഥ ട്രെൻഡ് മനസ്സിലാക്കി പരിശീലനം നൽകുന്ന ഏറ്റവും മികച്ച സ്ഥാപനം!!**

**കഠിനാധ്വാനത്തിന് തയ്യാറെങ്കിൽ, കരിയർ ഗൈഡൻസ് ബ്യൂറോയിലേയ്ക്ക് സ്വാഗതം**

**ക്ലാസ്സുകൾ: ഓഗസ്റ്റ് 5 മുതൽ**

**വിശദവിവരങ്ങൾക്ക്: 8590 333 999 / 0470 2621106**

ത്തിന്റെ രചയിതാവ്

**എ. ഖയറുന്നീസ**

## കായിക വാർത്തകൾ

- ഇന്റർനാഷണൽ ഷൂട്ടിംഗ് ഫെഡറേഷൻ ലോകകപ്പിൽ 10 മീറ്റർ എയർ പിസ്റ്റളിൽ സ്വർണ്ണം നേടിയ ഇന്ത്യൻ വനിതാതാരം

**യശസ്വിനി സിംഗ് ദേസ്വാൾ**

- ✔ **ഫൈനലിൽ നിലവിലെ ഒന്നാം റാങ്കുകാരിയും മുൻ ലോക ഒളിമ്പിക് ചാമ്പ്യനുമായ ഒലേന കോസ്റ്റേവിച്ചിനെയാണ് അട്ടിമറിച്ചത്.**
- ✔ **2020-ലെ ടോക്കിയോ ഒളിമ്പിക്സിന് യോഗ്യത നേടുന്ന ഒൻപതാമത്തെ ഇന്ത്യൻ ഷൂട്ടിംഗ് താരമായി യശസ്വിനി മാറി.**

- ടെസ്റ്റ് ക്രിക്കറ്റിൽ ഹാട്രിക് നേടുന്ന മൂന്നാമത്തെ ഇന്ത്യൻ ബൗളർ

**ജസ്പ്രീത് ബുംമ്ര**

- ✔ **ഹർഭജൻ സിങ്, ഇർഫാൻ പഠാൻ എന്നിവരാണ് ആദ്യ രണ്ടു ബൗളർമാർ**

- ഫോർമുല-1 ബൽജിയം ഗ്രാൻപ്രീ മത്സരത്തിനിടയിലുണ്ടായ അപകടത്തിൽ മരിച്ച മോട്ടോർ റേസിങ് താരം

**ഹ്യൂബർട്ട്**

- 1500 മീറ്റർ ഓട്ടത്തിൽ ലോകചാമ്പ്യൻഷിപ്പിലേയ്ക്ക് യോഗ്യത നേടിയ മലയാളി കായികതാരം

**ജിൺസൺ ജോൺസൺ**

- 2019-ലെ ഫോർമുല-1 ബെൽജിയം ഗ്രാംപ്രീ ജേതാവ്

**ലെക്ലെർക്ക് (മൊണാക്കോ)**

# സെപ്തംബർ 3, 2019

## പ്രാദേശിക വാർത്തകൾ

- കേരളത്തിൽ ഗോത്ര സാംസ്കാരിക സമുച്ചയം നിലവിൽ വന്ന ജില്ല

**എറണാകുളം**

- ഗവേഷണരംഗത്തെ പരമോന്നത ബിരുധമായ 'ഡോക്ടർ ഓഫ് സയൻസ് ബിരുദ'-ത്തിന് അർഹനായത്

**എം.കെ.സി. നായർ (കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല വൈസ് ചാൻസിലർ)**

- **കേരള യൂണിവേഴ്സിറ്റിയുടെ എഴുപത് വർഷത്തെ ചരിത്രത്തിലാദ്യമായാണ് മെഡിക്കൽ ഫാക്കൽറ്റിയിൽ ഡോക്ടർ ഓഫ് സയൻസ് ബിരുദം സമ്മാനിക്കുന്നത്.**

- ശ്രീലങ്കയിലെ വിഖ്യാതമായ ജാഫ്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലെ 'ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡി'-ന് അർഹനായ ആദ്യ മലയാളി ചലച്ചിത്ര നിരൂപകൻ

**വി.കെ. ജോസഫ് (കേരള ചലച്ചിത്ര അക്കാദമി മുൻ ഉപാധ്യക്ഷൻ)**

- കേരളത്തിലെ ആദ്യ വിധവാ സൗഹൃദ നഗരസഭയാകുന്നത്

**കട്ടപ്പന (ഇടുക്കി)**

## ദേശീയ വാർത്തകൾ

- സർദാർ സരോവർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് അധിവസിക്കുന്നവരുടെ പുനരധിവാസ സൗകര്യങ്ങൾ ഒരുക്കണമെന്നാവശ്യപ്പെട്ട് ആഗസ്റ്റ് 25, 2019-മുതൽ നിരാഹാരമനുഷ്ഠിക്കുന്ന സാമൂഹ്യപ്രവർത്തക

**മേധാ പട്കർ (നർമ്മദാ ബചാവോ ആന്തോളൻ നേതാവ്)**

- ചാന്ദ്രയാൻ-2 പേടകത്തിൽ നിന്നും ലാൻഡർ വേർപ്പെട്ടത്

**സെപ്റ്റംബർ 2, 2019**

- ഒരു ദിവസം 1500 Water harvesting system പണിത് റെക്കോർഡിട്ട നഗരം

**ഇൻഡോർ**

- ഒക്ടോബർ 2010-ൽ പുറത്തിറക്കുന്ന, സുഭാഷ് ചന്ദ്രബോസിന്റെ തിരോധാനം പ്രമേയമാക്കുന്ന ബംഗാളി സിനിമ

**ഗുംനാമി (സംവിധാനം - Srijith Mukherji)**

- ഇന്ത്യയിൽ International Coalition for Disaster Resilient Infrastructure (DRI) നിലവിൽ വരുന്നത്

**ന്യൂഡൽഹി**

- മാർക്കറ്റ് റിസർവ്വ് കമ്പനിയായ Ipsos-ന്റെ 'Global Happines Survey'-ൽ ഇന്ത്യയുടെ സ്ഥാനം

**ഒൻപത്**

✔ **ഒന്നാം സ്ഥാനം കരസ്ഥമാക്കിയ രാജ്യങ്ങൾ - ആസ്ട്രേലിയ, കാനഡ**

- ആൾക്കൂട്ട ആക്രമണങ്ങളെ ക്രിമിനൽ കുറ്റമാക്കുന്ന നിയമം അടുത്തിടെ കൊണ്ടുവന്ന സംസ്ഥാനം

**ബംഗാൾ**

- ഇന്ത്യയിലെ ആദ്യ Sky cycling Park നിലവിൽ വരാൻ പോകുന്ന സ്ഥലം

**മണാലി (ഹിമാചൽ പ്രദേശ്)**

- കറൻസി നോട്ടുകൾ എണ്ണുന്നതിനായി റോബോട്ടിക് കരങ്ങൾ ഉപയോഗിച്ച ആദ്യ ബാങ്ക് എന്ന ബഹുമതി നേടിയത്

**ICICI**

- രണ്ടാമത് ഇന്തോ-ചൈന അനൗദ്യോഗിക ഉച്ചകോടിയുടെ വേദി

**മഹാബലിപുരം (തമിഴ്നാട്)**

## ലോക വാർത്തകൾ

- കാലിഫോർണിയയിലെ സാൻഡിയേഗോയിലെ ഫെഡറൽ കോടതി ജഡ്ജിയായി നിയമിതയാകുന്ന ഇന്ത്യൻ വംശജ

**ഷിറിൻ മാത്യൂസ്**

- ജപ്പാൻ-ഇന്ത്യ പ്രതിരോധ മന്ത്രിതല ചർച്ചയ്ക്ക് വേദിയായ നഗരം

**ടോക്കിയോ (ജപ്പാൻ)**

✔ **ഇന്ത്യൻ പ്രതിരോധമന്ത്രി രാജ്നാഥ് സിംഗിന്റെയും ജപ്പാൻ പ്രതിരോധമന്ത്രി തക്കേഷി ഇവായയുടെയും അദ്ധ്യക്ഷതയിലായിരുന്നു ചർച്ച.**

◈ ലോകത്തിലാദ്യമായി ഒരു ബഹിരാകാശ സേനയ്ക്ക് രൂപം നൽകിയ രാജ്യം

**അമേരിക്ക (യു.എസ്.സപെയ്സ് കമാൻഡോ)**

◈ റഷ്യയിൽ വച്ച് നടന്ന 'World Skills Competition 2019'-ൽ സ്വർണ്ണം നേടിയ ഇന്ത്യക്കാരൻ

**Aswatha Narayana**

## വാർത്തകളിലെ പുസ്തകങ്ങൾ

◈ 'A Short History of Indian Railways'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**Rajendra B. Aklekar**

## പുരസ്കാരങ്ങളും ബഹുമതികളും

◈ 'ബിൽ ആൻഡ് മെലിൻഡ ഫൗണ്ടേഷൻ പുരസ്കാരത്തി'-നർഹനായ വ്യക്തി

**നരേന്ദ്രമോദി**

✔ **'സ്വച്ഛ് ഭാരത് പദ്ധതി' നടപ്പാക്കിയതിനാണ് പുരസ്കാരം.**

## കായിക വാർത്തകൾ

◈ ഏഷ്യയ്ക്ക് പുറത്ത് ടെസ്റ്റിൽ ഏറ്റവുമധികം വിക്കറ്റുകളെടുത്ത ഇന്ത്യൻ പേസറെന്ന നേട്ടത്തിനർഹനായ താരം

**ഇഷാന്ത് ശർമ**

✔ **മുൻ ഇതിഹാസ ഓൾറൗണ്ടറും ക്യാപ്ടനുമായിരുന്ന കപിൽദേവിന്റെ റെക്കോർഡാണ് ഇഷാന്ത് ശർമ മറികടന്നത്.**

◈ അന്താരാഷ്ട്ര ടി20-20 മത്സരത്തിൽ ഏറ്റവും വലിയ മാർജിനിൽ വിജയം നേടിയ രാജ്യം

**റൊമാനിയ (173 റൺസ്)**

✔ **തുർക്കി ടീമിനെയാണ് പരാജയപ്പെടുത്തിയത്.**

◈ ദേശീയ സീനിയർ വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ വേദി

**Pasighat (അരുണാചൽപ്രദേശ്)**

- 2019-ലെ UEFA President's award-ന് അർഹനായ വ്യക്തി

**Eric Cantona**

- 2019-ലെ 'രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ പുരസ്കാരത്തി'-ന് അർഹരായവർ

**Gagaran Narang, Pawan Singh**

## സെപ്തംബർ 4, 2019

### പ്രാദേശിക വാർത്തകൾ

- ഓണക്കാലം സുരക്ഷിതമാക്കാൻ എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന സ്പെഷ്യൽ ഡ്രൈവ്

**ഓപ്പറേഷൻ വിശുദ്ധി**

- ✔ **ഓണക്കാലത്ത് അനധികൃത മദ്യവിൽപ്പനയും, മദ്യക്കടത്തും, ലഹരിവസ്തുക്കളുടെ വ്യാപനവും തടയുക എന്നതാണ് സ്പെഷ്യൽ ഡ്രൈവിന്റെ ലക്ഷ്യം.**

- സംസ്ഥാനത്തെ പ്രഥമ എൻ.ആർ.ഐ. ആൻഡ് ആർ.ഐ. സഹകരണസംഘത്തിന്റെ ആസ്ഥാനം

**തിരുവനന്തപുരം**

- ✔ **പ്രവാസികളുടെയും തദ്ദേശീയരുടെയും ക്ഷേമപ്രവർത്തനങ്ങൾക്കായിട്ടാണ് സഹകരണസംഘം രൂപീകരിച്ചത്.**

### ദേശീയ വാർത്തകൾ

- 2019-ലെ 'മാൻ ബുക്കർ പ്രൈസി'-ന്റെ അന്തിമ ചുരുക്കപ്പട്ടികയിൽ ഇടം നേടിയ ലോകപ്രശസ്തനായ ഇന്ത്യൻ സാഹിത്യകാരൻ സൽമാൻ റുഷ്ദിയുടെ കൃതി

**Quichotte**

- ✔ **1981-ൽ റുഷ്ദിയുടെ 'മിഡ്നൈറ്റ്സ് ചിൽഡ്രൻ'-എന്ന കൃതിക്ക് ബുക്കർ പ്രൈസ് ലഭിച്ചിരുന്നു.**

◈ ഇന്ത്യയിൽ ആദ്യമായി ഒരു 'Garbage cafe' സ്ഥാപിതമാകുന്നത്

**അംബികാപുർ (ഛത്തീസ്ഗഢ്)**

◈ 2021-22-ഓടുകൂടി കടലിനടിയിലേയ്ക്ക് മനുഷ്യനെ അയച്ച് പഠനം നടത്തുന്നതിനായി ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന National Institute of Ocean Technology- യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന പദ്ധതി

**സമുദ്രയാൻ**

◈ അടുത്തിടെ ഉദ്ഘാടനം ചെയ്ത ഇന്ത്യയിലെ ആദ്യ Architectural LED illumination സ്ഥിതിചെയ്യുന്ന ചരിത്ര സ്മാരകം

**കുത്തബ്മിനാർ**

◈ അടുത്തിടെ ഉദ്ഘാടനം ചെയ്ത ഇന്ത്യയിലെ ഏറ്റവും വലിയ വൈദ്യുതീകരിച്ച റെയിൽവേ ടണൽ സ്ഥിതിചെയ്യുന്ന സംസ്ഥാനം

**ആന്ധ്രാപ്രദേശ് (ചെർലോപള്ളി-രൂപുരു, 6.3 കിലോമീറ്റർ)**

◈ അടുത്തിടെ ആഗോള സംരക്ഷിത വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയ ജീവികൾ

**നക്ഷത്ര ആമ, നീർനായ**

◈ ഇന്തോ-ഇസ്രായേൽ സംയുക്ത സംരംഭമായ 'ആസ്ട്ര റാഫേൽ കമ്മ്യൂണിക്കേഷൻ സിസ്റ്റം' ആരംഭിച്ച നഗരം

**ഹൈദരാബാദ്**

## ലോക വാർത്തകൾ

◈ യു.എസ്. കമ്പനിയായ ബോയിങ്ങിൽ നിന്ന് ഇന്ത്യ വാങ്ങിയ ഹെലികോപ്റ്റർ

**AH 64-E (അപ്പാച്ചെ ഗാർഡിയൻ അറ്റാക്ക് ഹെലികോപ്റ്റർ)**

◈ ഇന്ത്യ-അമേരിക്ക സംയുക്ത സൈനികാഭ്യാസമായ 'യുദ്ധഅഭ്യാസ് 2019'-ന് വേദിയാകുന്ന നഗരം

**വാഷിംഗ്ടൺ (യു.എസ്.എ.)**

✔ **സെപ്തംബർ 5, 2019 മുതൽ സെപ്തംബർ 18, 2019 വരെയാണ് അഭ്യാസം നടക്കുക.**

- 2019-ലെ സൗത്ത്-ഈസ്റ്റ് ഏഷ്യൻ ഗെയിംസിന്റെ വേദി

**ഫിലിപ്പീൻസ്**

- ഉക്രൈയിന്റെ പുതിയ പ്രധാനമന്ത്രിയായി നിയമിതനായ വ്യക്തി

**Oleksiy Honcharuk**

- ✔ ഉക്രൈയിന്റെ തലസ്ഥാനം - Kyiv
- ✔ ഉക്രൈയിന്റെ കറൻസി - Ukrainian Hryvnia

- കിഴക്കൻ ചൈനാകടലിലെ ദ്വീപുകളിൽ പെട്രോളിംഗ് നടത്താനായി ഒരു സ്പെഷ്യൽ പോലീസ് യൂണിറ്റ് ആരംഭിക്കുന്ന രാജ്യം

**ജപ്പാൻ**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'India Lost Frontier: The Story of the North-West Frontier Provience'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**രാഘവേന്ദ്ര സിംഗ്**

## കായിക വാർത്തകൾ

- ദേശീയ സീനിയർ അക്വാറ്റിക് ചാമ്പ്യൻഷിപ്പിൽ 100 മീറ്റർ ബട്ടർഫ്ളൈയിൽ സ്വർണ്ണം നേടിയ മലയാളി

**സാജൻ പ്രകാശ്**

- അടുത്തിടെ ട്വന്റി-20 ക്രിക്കറ്റിൽ നിന്നും വിരമിച്ച ഇന്ത്യൻ വനിതാ താരം

**മിതാലി രാജ്**

- ✔ **പുരുഷ-വനിത ട്വന്റി-20 ക്രിക്കറ്റ് ഫോർമാറ്റിൽ 2000 റൺസ് തികയ്ക്കുന്ന ആദ്യ ഇന്ത്യൻ താരമാണ് മിതാലി രാജ്.**

- രാജ്യാന്തര ക്രിക്കറ്റിൽ നിന്നും വിരമിക്കുന്ന സിംബാബ്വെ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ

**ഹാമിൽട്ടൻ മസകദ്സ**

- രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിന്റെ (ഐ.സി.സി.) ടെസ്റ്റ് ബാറ്റിംഗ് റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തിയ താരം

**സ്റ്റീവ് സ്മിത്ത്**

✔ രണ്ടാം സ്ഥാനം - വിരാട് കോലി

## സെപ്തംബർ 5, 2019

### പ്രാദേശിക വാർത്തകൾ

◈ സെപ്തംബർ 2019-ൽ അന്തരിച്ച കോട്ടയ്ക്കൽ ചന്ദ്രശേഖര വാര്യർ ഏത് മേഖലയിലാണ് പ്രഗത്ഭനായിരുന്നത്?

**കഥകളി**

◈ സർക്കാർ മേഖലയിലെ രാജ്യത്തെ പ്രഥമ ഡെന്റൽ ലബോറട്ടറി ആരംഭിക്കുന്നത്

**പുലയനാർകോട്ട (തിരുവനന്തപുരം)**

◈ അടുത്തിടെ സ്കൂൾ വിദ്യാർത്ഥികൾ പിരിച്ചെടുത്ത 38 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ചിത്രം

**കറുപ്പ് (സംവിധാനം-ടി. ദീപേഷ്)**

✔ **കണ്ണൂർ വേങ്ങാട് ഇ.കെ. നായനാർ സ്മാരക ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ്, കണ്ണൂർ ജില്ലാ പഞ്ചായത്തുമായി സഹകരിച്ചാണ് ചലച്ചിത്രം നിർമ്മിച്ചത്.**

### ദേശീയ വാർത്തകൾ

◈ അടുത്തിടെ നരേന്ദ്രമോദി ഉദ്ഘാടനം ചെയ്ത 'Garvi Gujarat Bhavan' സ്ഥിതിചെയ്യുന്ന നഗരം

**ന്യൂഡൽഹി**

◈ കാർഷികോത്സവമായ 'Nuakhai' ആഘോഷിക്കുന്ന സംസ്ഥാനം

**ഒഡിഷ**

◈ 'നമസ്തേ പസഫിക്' എന്ന സാംസ്കാരിക പരിപാടിക്ക് അടുത്തിടെ വേദിയായ ഇന്ത്യൻ നഗരം

**ന്യൂഡൽഹി**

◈ പ്രധാനമന്ത്രിയുടെ ഓഫീസിൽ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസറായി നിയമിതനായ വ്യക്തി

**പി.കെ. സിൻഹ**

- അസോസിയേഷൻ ഓഫ് വേൾഡ് ഇലക്ഷൻ ബോഡിസിന്റെ (A-WEB) ചെയർമാനായി നിയമിതനായ വ്യക്തി

**സുനിൽ അറോറ**

- ഇന്ത്യയിലെ 'Best Swachh Iconic Place' ആയി തിരഞ്ഞെടുക്കപ്പെട്ട ക്ഷേത്രം

**വൈഷ്ണോദേവി ക്ഷേത്രം (ജമ്മുകാശ്മീർ)**

- സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ ആരംഭിച്ച (KVIC) ഏത് പദ്ധതിയാണ് സെപ്തംബർ 2019-ന് ഒന്നാം വാർഷികം ആഘോഷിക്കുന്നത്?

**REducing PLAstic in Nature (REPLAN)**

## ലോക വാർത്തകൾ

- മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം പ്രമാണിച്ച് പ്രത്യേക സ്റ്റാമ്പ് പുറത്തിറക്കുന്ന രാജ്യം

**റഷ്യ**

- അടുത്തിടെ അന്തരിച്ച വിഖ്യാത ജർമ്മൻ ഫാഷൻ ഫോട്ടോഗ്രാഫർ

**പീറ്റർ ലിൻഡ്ബർഗ്**

- മാസങ്ങൾ നീണ്ട വൻജനകീയ പ്രതിഷേധങ്ങൾക്കൊടുവിൽ കുറ്റവാളികളെ കൈമാറാനുള്ള വിവാദ ബിൽ പിൻവലിച്ചത്

**ഹോങ്കോങ്**

- ✔ **ഹോങ്കോങ് ഭരണാധികാരി - കാരി ലാം**
- ✔ **അപകടകാരികളായ കുറ്റവാളികളെ ചൈനയ്ക്ക് കൈമാറാമെന്ന പേരിലായിരുന്നു കുറ്റവാളിക്കൈമാറ്റബിൽ ഹോങ്കോങ് ഭരണകൂടം കൊണ്ടുവന്നത്.**

- കിഴക്കൻ റഷ്യ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി

**നരേന്ദ്രമോദി**

- ✔ **കിഴക്കൻ റഷ്യയിലെ വ്ളാദിവൊസ്തോക്കിൽ നടക്കുന്ന ഈസ്റ്റേൺ എക്കണോമിക് ഫോറത്തിന്റെ ഭാഗമായുള്ള 20-ാമത് ഇന്ത്യ-റഷ്യ**

**വാർഷിക ഉച്ചകോടിയിൽ നരേന്ദ്രമോദി പങ്കെടുക്കും.**

◈ ചെന്നൈ-വ്ളാദിവൊസ്തോക്ക് (Vladivostok) കപ്പൽപ്പാതയ്ക്കായുള്ള ധാരണാപത്രത്തിൽ ഒപ്പിട്ട രാജ്യങ്ങൾ

**ഇന്ത്യയും റഷ്യയും**

◈ 4-ാമത് സൗത്ത്-ഏഷ്യൻ സ്പീക്കർമാരുടെ ഉച്ചകോടിയ്ക്ക് വേദിയായ നഗരം

**മാലി (മാലിദ്വീപ്)**

◈ 2019-ലെ 'ലോക നാളികേര ദിനത്തി'ന്റെ പ്രമേയം

**Coconut for Family Wellness**

✔ **ലോക നാളികേര ദിനം എല്ലാ വർഷവും സെപ്തംബർ 2-ന് ആഘോഷിക്കുന്നു.**

◈ ആദ്യ അമേരിക്ക-ആസിയാൻ സമുദ്രാഭ്യാസത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ച രാജ്യം

**തായ്‌ലന്റ്**

## പുരസ്കാരങ്ങളും ബഹുമതികളും

◈ 2019-ലെ 'ശ്രീനാരായണ അന്തർദ്ദേശീയ പുരസ്കാരത്തി'ന് അർഹനായ വ്യക്തി

**ഡോ. കെ. പ്രശോഭൻ**

✔ **ശ്രീനാരായണ സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ശ്രീനാരായണ രാജ്യാന്തര പഠനകേന്ദ്രം ഏർപ്പെടുത്തിയതാണ് പുരസ്കാരം.**

## കായിക വാർത്തകൾ

◈ ഫിഫ ലോകകപ്പിന്റെ ചരിത്രത്തിലെ ത്രിമാനരൂപത്തിലുള്ള ആദ്യ ലോഗോ പ്രകാശനം ചെയ്ത രാജ്യം

**ഖത്തർ (ദോഹ)**

✔ **2022-ലെ ഫിഫ ലോകകപ്പിന്റെ വേദിയാണ് ഖത്തർ.**

◈ ദേശീയ സീനിയർ അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ ഹാട്രിക് സ്വർണ്ണം നേടിയ മലയാളി നീന്തൽ താരം

**സാജൻ പ്രകാശ്**

- പാകിസ്താൻ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലകനായി നിയമിതനായ മുൻ ക്യാപ്റ്റൻ

**മിസ്ബാ ഉൾ ഹഖ്**

## സെപ്തംബർ 6, 2019

### പ്രാദേശിക വാർത്തകൾ

- കേരളത്തിന്റെ 22-ാമത് ഗവർണറായി ആരിഫ് മുഹമ്മദ് ഖാൻ ചുമതലയേറ്റത്

**സെപ്തംബർ 6, 2019**

- പുതിയ ഗതാഗത കമ്മീഷണറായി നിയമിതയായത്

**ആർ. ശ്രീലേഖ**

- കേരളത്തിലെ ആദ്യ വിധവാ സൗഹൃദ നഗരസഭ

**കട്ടപ്പന (ഇടുക്കി)**

### ദേശീയ വാർത്തകൾ

- കൃത്രിമ ഗർഭധാരണത്തിലൂടെ അമ്മയാകുന്ന ലോകത്തിലെ ഏറ്റവും പ്രായം കൂടിയ വനിത എന്ന ഗിന്നസ് റെക്കോഡിനർഹയായ ഇന്ത്യക്കാരി

**മങ്കയമ്മ (ആന്ധ്രാപ്രദേശ്)**

- ✔ **2006-ൽ 66-ാം വയസിൽ ഇരട്ടകൾക്കു ജന്മം നൽകിയ സ്പെയിൻകാരി മരിയ ഡെൻമാർക്കിന്റെ പേരിലുള്ള റെക്കോർഡാണ് 74-ാം വയസ്സുകാരി മങ്കയമ്മ മറികടന്നത്.**

- അടുത്തിടെ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ശ്രേഷ്ഠപദവി നൽകിയ സർവകലാശാലകൾ

**ഡൽഹി സർവകലാശാല, ഹൈദരാബാദ് സർവകലാശാല, ബനാറസ് ഹിന്ദു സർവകലാശാല, ഐ.ഐ.ടി. മദ്രാസ്, ഐ.ഐ.ടി. ഖരഗ്പൂർ**

- ✔ **യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന്റെ ശിപാർശയിലാണ് ശ്രേഷ്ഠപദവി നൽകിയത്.**

- മത്സരപരീക്ഷകളിലെ പരിശീലനത്തിനായി ഒരു ലക്ഷം രൂപ വരെ

ധനസഹായം നൽകുന്ന ഏത് പദ്ധതിയിലാണ് അടുത്തിടെ ഡൽഹി കാബിനറ്റ് ഒ.ബി.സി. വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തിയത്?

**ജയ് ബീം മുഖ്യമന്ത്രി യോജന**

- ✔ **ഈ പദ്ധതി ആരംഭിച്ചപ്പോൾ എസ്.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്.**
- ✔ **ആദ്യം 40000 രൂപയാണ് ധനസഹായമായി നൽകിയിരുന്നത്.**
- ✔ **ഡൽഹി മുഖ്യമന്ത്രി – അരവിന്ദ് കേജരിവാൾ**
- ✔ **ഡൽഹി ഗവർണർ – അനിൽ ബൈജാൻ**

◈ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രിയായ ഡോ. ഹർഷവർദ്ധൻ 'ഈറ്റ് റൈറ്റ് ഇന്ത്യ മൂവ്മെന്റിന്' തുടക്കം കുറിച്ച നഗരം

**ന്യൂഡൽഹി**

- ✔ **'സഹി ഭോജൻ ബഹ്തർ ജീവൻ' എന്നതാണ് ഈ മൂവ്മെന്റിന്റെ മുദ്രാവാക്യം.**

◈ പ്ലാസ്റ്റിക് വിമുക്തമായ ആദ്യ ബോളിവുഡ് ചലച്ചിത്രം എന്ന ബഹുമതിക്കർഹമായത്

**കൂലി നമ്പർ 1 (സംവിധാനം-David Dhawan)**

## ലോക വാർത്തകൾ

◈ അടുത്തിടെ ഇന്ത്യ ഏത് രാജ്യത്തിനാണ് 1 ബില്ല്യൻ യു.എസ്. ഡോളർ (7100 കോടി രൂപ) വായ്പ നൽകാൻ തീരുമാനിച്ചത്?

**റഷ്യ**

- ✔ **'ആക്ട് ഫോർ ഈസ്റ്റ്' നയത്തിൽ ഉൾപ്പെടുത്തിയാണ് റഷ്യയുടെ കിഴക്കൻ മേഖലകളിലെ വികസനത്തിനായി ഇന്ത്യ വായ്പ നൽകുന്നത്.**

◈ ഐക്യരാഷ്ട്ര സംഘടന 'International day of charity' ആയി ആചരിക്കുന്നത്

**സെപ്തംബർ 5**

- ✔ **സമാധാന നോബൽ ജേത്രിയായ മദർ തെരേസയുടെ ചരമദിനമാണ് ചാരിറ്റി ദിനമായി ആചരിക്കുന്നത്.**

- യൂനിസെഫ് സൗത്ത് ഏഷ്യൻ പാർലമെന്റേറിയൻ കോൺഫറൻസിന് വേദിയായ നഗരം

**കൊളംബൊ (ശ്രീലങ്ക)**

- സെപ്തംബർ 2019-ൽ നിയമിതനായ ഇക്വഡോറിലേയ്ക്കുള്ള പുതിയ ഇന്ത്യൻ അംബാസഡർ

**സഞ്ജീവ് രഞ്ജൻ**

- 2019-ൽ എക്കണോമിസ്റ്റ് ഇന്റലിജൻസ് യൂണിറ്റ് പുറത്തിറിക്കിയ 'ആഗോള ലിവബിലിറ്റി പട്ടികയിൽ' ഒന്നാമതെത്തിയ നഗരം

**വിയന്ന (ആസ്ട്രിയ)**

- ✔ **ഈ പട്ടികയിൽ ഇന്ത്യൻ നഗരങ്ങളായ ന്യൂഡൽഹി 118-ഉം മുംബൈ 119-ഉം സ്ഥാനത്താണ്.**

- അടുത്തിടെ ലെസതോയുടെ ഹൈകമ്മീഷണറായി നിയമിതനായ വ്യക്തി

**ജയ്ദീപ് സർക്കാർ**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'First They Erased Our Name: A Rohingya Speaks' എന്ന പുസ്തകത്തിന്റെ രചയിതാവ്

**Sophie Ansel**

## പുരസ്കാരങ്ങളും ബഹുമതികളും

- 'Lamp of Peace of Saint Francis Award'-ന് അർഹനായ ബംഗ്ലാദേശ് പ്രൊഫസർ

**മുഹമ്മദ് യൂനസ് (ബംഗ്ലാദേശ്)**

- ✔ **സമാധാനവും ഐക്യവും സ്ഥാപിക്കുന്നതിൽ മികവ് പുലർത്തുന്നവർക്ക് വത്തിക്കാൻ നൽകുന്നതാണ് ഈ അവാർഡ്.**

## കായിക വാർത്തകൾ

- ടെസ്റ്റ് ക്രിക്കറ്റിലെ ഏറ്റവും പ്രായം കുറഞ്ഞ ക്യാപ്റ്റൻ എന്ന റെക്കോർഡിനർഹനായ അഫ്ഗാനിസ്ഥാൻ ഓൾ റൗണ്ടർ

**റാഷിദ് ഖാൻ**

◈ രാജ്യാന്തര ക്രിക്കറ്റിൽ നിന്നും വിരമിക്കുന്ന സിംബാബ്‌വെ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ

**ഹാമിൽട്ടൻ മസകദ്സ**

◈ ടെസ്റ്റ് സെഞ്ചുറി നേടുന്ന ആദ്യ അഫ്ഗാനിസ്ഥാൻ ക്രിക്കറ്റർ

**Rahmat Shah**

## സെപ്തംബർ 7, 2019

### പ്രാദേശിക വാർത്തകൾ

◈ വോട്ടർമാരെയും ജനപ്രതിനിധികളെയും തമ്മിൽ ബന്ധിപ്പിക്കാൻ ആരംഭിച്ച പുതിയ മൊബൈൽ ആപ്ലിക്കേഷൻ

**ജനതാ ആപ്പ്**

✔ **ജനങ്ങളും ജനപ്രതിനിധികളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ ആപ്ലിക്കേഷന്റെ ഉദ്ഘാടനം കേരളസ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർവഹിച്ചു.**

◈ സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ബോധവൽക്കരണത്തിനായി കേരള പോലീസിന്റെ സൈബർ വിഭാഗം പുറത്തിറക്കിയ പുതിയ ആനിമേഷൻ കഥാപാത്രം

**പ്രൊഫസർ പോയിന്റർ - ദി ആൻസർ ടു സൈബർ ഇഷ്യൂസ്**

✔ **സൈബർ വിഭാഗം മേധാവി എ.ഡി.ജി.പി. മനോജ് എബ്രഹാമിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്.**

◈ മൂല്യാധിഷ്ഠിത ബാങ്കിങ്ങിന്റെ ആഗോള കൂട്ടായ്മയായ ജി.എ.ബി.വി.ഗ്ലോബൽ അസിസ്റ്റൻസ് രാജ്യാന്തര സമ്മേളനത്തിന് വേദിയായ നഗരം

**കൊച്ചി**

✔ **ആതിഥേയത്വം വഹിച്ചത് - ഇസാഫ് ബാങ്ക്**

✔ **ജി.എ.ബി.വി എക്സിക്യൂട്ടീവ് ഡയറക്ടർ - മർക്കോസ് ഇഗ്വിഗുറെൻ**

## ദേശീയ വാർത്തകൾ

◈ കേന്ദ്രസർക്കാർ രാഷ്ട്രപുത്രിയായി പ്രഖ്യാപിക്കാനൊരുങ്ങുന്ന ഗായിക

**ലതാ മങ്കേഷ്കർ**

✔ **1989-ൽ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരവും 2001-ൽ ഭാരതരത്നവും ലഭിച്ചിട്ടുണ്ട്.**

◈ പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ (പി.ടി.ഐ.)-യുടെ പുതിയ ചെയർമാൻ

**വിജയ്കുമാർ ചോപ്ര**

◈ ഏത് സംസ്ഥാന ടൂറിസം വകുപ്പാണ് വിനോദസഞ്ചാരവികസനത്തിന്റെ ഭാഗമായുള്ള ചരിത്ര സ്മാരകങ്ങളായ കോട്ടകൾ സ്വകാര്യ ഹോട്ടലുകൾക്ക് പാട്ടത്തിനു നൽകുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്

**മഹാരാഷ്ട്ര ടൂറിസം വകുപ്പ്**

◈ രാജ്യത്തെ ആദ്യ ഗ്രീൻ ഫീൽഡ് സ്മാർട്ട് ഇൻഡസ്ട്രിയൽ സിറ്റി തുടങ്ങിയത്

**ഔറംഗാബാദ് (മഹാരാഷ്ട്ര)**

✔ **ഇൻഡസ്ട്രിയൽ ഔറിക് എന്നറിയപ്പെട്ടിരുന്ന ഈ സിറ്റിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി സെപ്തംബർ 8-ന് നിർവഹിക്കും.**

◈ ഏത് അന്താരാഷ്ട്ര യൂണിയനുമായി ചേർന്നാണ് ഇന്ത്യ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിന് (Regional Comprehensive Economic Partenership - RCEP) രൂപം നൽകുന്നത്

**ആസിയാൻ**

✔ **ആസിയാൻ രാജ്യങ്ങളും ചൈന, ജപ്പാൻ, ദക്ഷിണാഫ്രിക്ക, ദക്ഷിണകൊറിയ, ആസ്ട്രേലിയ, ന്യൂസിലന്റ് എന്നീ രാജ്യങ്ങളും ഇന്ത്യയും ചേർന്ന് പുതുതായി രൂപവൽക്കരിക്കുന്ന വാണിജ്യകരാറാണ് ആർ.സി.ഇ.പി.**

◈ ഒരു തവണ മാത്രം ഉപയോഗിയ്ക്കാവുന്ന പ്ലാസ്റ്റിക് ഉത്പ്പന്നങ്ങൾക്ക് 2019 ഒക്ടോബർ 2 മുതൽ പൂർണമായി നിരോധനമേർപ്പെടുത്തിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനം

**എയർ ഇന്ത്യ**

## ലോക വാർത്തകൾ

- അടുത്തിടെ അന്തരിച്ച സിംബാബ്‌വെ മുൻ പ്രസിഡന്റ്

**റോബർട്ട് മുഗാബെ**

- ഇന്ത്യയും യു.എസ്.എ.-യും ചേർന്നുള്ള സംയുക്ത സൈനിക പരിശീലനമായ 'യുദ്ധ അഭ്യാസ് 2019'-ന്റെ വേദി

**വാഷിംഗ്ടൺ**

- പാകിസ്താനിലെ പഞ്ചാബ് പ്രവിശ്യയിലെ നൻകാനാ സാഹിബ് (Nanakana Sahib) റെയിൽവേ സ്റ്റേഷൻ-ന്റെ പുതിയ പേര്

**ഗുരു നാനാക് ദേവ് റെയിൽവേ സ്റ്റേഷൻ**

- World skill event-ൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിത

**Shweta Ratanpura (വെങ്കലമെഡൽ)**

- World travel and tourism competitiveness index-ൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം

**സ്പെയിൻ**

✔ **ഇന്ത്യയുടെ സ്ഥാനം - 34**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'The Hindu Way: An Introduction to Hinduism'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**ശശി തരൂർ**

## കായിക വാർത്തകൾ

- അടുത്തിടെ അന്തരിച്ച പാകിസ്താന്റെ മുൻ ഇതിഹാസ ലെഗ് സ്പിന്നർ

**അബ്ദുൽ ഖാദിർ**

- അർജന്റീന ക്ലബ്ബായ ജിംനാസിയയുടെ മുഖ്യപരിശീലകനായി അടുത്തിടെ നിയമിതനായ വ്യക്തി

**മറഡോണ**

- 2019-ലെ യു.എസ്. ഓപ്പൺ ടെന്നീസിന്റെ വനിതാ വിഭാഗം ഫൈനലിൽ സെറീനാ വില്യംസിന്റെ എതിരാളി

**ബിയാൻക ആന്ദ്രിസ്ക്യു (കാനഡ)**

- ✔ ഫൈനലിൽ ജയിച്ച ഈ നൂറ്റാണ്ടിൽ ജനിച്ച് യു.എസ്. ഓപ്പൺ കിരീടം നേടുന്ന ആദ്യതാരമായി ബിയാൻക മാറും.

◈ La Ultra the high Marathon പൂർത്തിയാക്കുന്ന ആദ്യ ഇന്ത്യക്കാരൻ

**Ashish Kasodekar**

- ✔ ലഡാക്കിൽ വച്ചാണ് ഈ മാരത്തോൺ നടക്കുന്നത്.

## സെപ്തംബർ 8, 2019

### പ്രാദേശിക വാർത്തകൾ

◈ 22-ാമത് ഇന്ത്യ ഇന്റർനാഷണൽ സീഫുഡ് ഷോയുടെ വേദി

**കൊച്ചി**

◈ കേരള ഫുട്ബോൾ അസോസിയേഷന്റെ പുതിയ പ്രസിഡന്റായി നിയമിതനായ വ്യക്തി

**ടോം ജോസ്**

### ദേശീയ വാർത്തകൾ

◈ Rhino കളെ സംരക്ഷിക്കാനുള്ള Rohit 4 Rhino കാംപയിൻ ആരംഭിച്ച ക്രിക്കറ്റ് താരം

**രോഹിത് ശർമ്മ**

◈ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ എയർ ട്രാഫിക് കൺട്രോൾ ടവർ നിലവിൽ വന്ന എയർപോർട്ട്

**ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം**

◈ 2019-ലെ IT excellence award ലഭിച്ചത്

**Odisha State disaster Management authority**

◈ ദക്ഷിണകൊറിയയിൽ നടന്ന Defence Doalogue 2019 ഉദ്ഘാടനം ചെയ്ത വ്യക്തി

**രാജ്നാഥ് സിങ് (കേന്ദ്ര പ്രതിരോധമന്ത്രി)**

◈ ശുക്രനെപ്പറ്റി പഠിക്കാനായി 2023-ഓടുകൂടി ഇന്ത്യ ആരംഭിക്കുന്ന

ദൗത്യം

**ശുക്രയാൻ**

◈ 2019-ലെ വെസ്റ്റേൺ എയർ കമാൻഡേഴ്സ് കോൺഫറൻസിന് വേദിയാകുന്ന നഗരം

**ന്യൂഡൽഹി**

◈ അടുത്തിടെ മെഗാ ഫുഡ് പാർക്ക് നിലവിൽ വന്ന സംസ്ഥാനം

**തെലുങ്കാന**

◈ 'ദി റിപ്പബ്ലിക്കൻ എത്തിക്'-എന്നത് ആരുടെ പ്രസംഗങ്ങളുടെ സമാഹാരമാണ്?

**രാംനാഥ് കോവിന്ദ് (രാഷ്ട്രപതി)**

## ലോക വാർത്തകൾ

◈ അന്താരാഷ്ട്ര സാക്ഷരതാദിനമായി ആചരിക്കുന്നത്

**സെപ്തംബർ 8**

✔ **'സാക്ഷരതയും ബഹുസ്വരതയു'-മാണ് 2019-ലെ സാക്ഷരതാദിനത്തിന്റെ പ്രമേയം.**

◈ അടുത്തിടെ രാഷ്ട്രപതി രാംനാഥ് കോവിന്ദ് ത്രിരാഷ്ട്ര സന്ദർശനം നടത്തുന്ന രാജ്യങ്ങൾ

**ഐസ്‌ലന്റ്, സ്വിറ്റ്സർലന്റ്, സ്ലോവാനിയ**

✔

| രാജ്യം | തലസ്ഥാനം |
|---|---|
| Iceland | Reykjavik |
| Switzerland | Bern |
| Slovania | Ljubijana |

◈ 24-ാമത് വേൾഡ് എനർജി കോൺഗ്രസിന്റെ വേദി

**അബുദാബി**

◈ ലോകത്തിലാദ്യമായി Facial Payment Technology വികസിപ്പിച്ച രാജ്യം

**ചൈന**

◈ നോർവെയിലെ പുതിയ ഇന്ത്യൻ അംബാസഡറായി നിയമിതനായ വ്യക്തി

ബി. ബാലഭാസ്കർ

## വാർത്തകളിലെ പുസ്തകങ്ങൾ

◈ 'Savarkar - Echos From A Forgotten Past, 1883-1924'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**Vikram Sampath**

## പുരസ്കാരങ്ങളും ബഹുമതികളും

◈ 2019-ലെ സൗത്ത് ഏഷ്യൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച നടനുള്ള പുരസ്കാരത്തിനർഹനായ മലയാള ചലച്ചിത്ര താരം

**ഇന്ദ്രൻസ്**

✔ **ഡോ. ബിജു സംവിധാനം ചെയ്ത 'വെയിൽ മരങ്ങൾ' എന്ന ചിത്രത്തിലെ അഭിനയ മികവിനാണ് പുരസ്കാരം**

## കായിക വാർത്തകൾ

◈ World martial arts mastership jiu-jitsu 2019-ൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ

**Anupama Swain**

✔ **വേദി - സൗത്ത് കൊറിയ**

◈ 25-ാമത് ഏഷ്യൻ ജൂനിയർ ആന്റ് കേഡറ്റ് ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ

**പയസ് ജയ്ൻ**

◈ കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റായി നിയമിതനായത്

**ജയേഷ് ജോർജ്**

◈ അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിന്റെ വിജയി

**ഇന്ത്യ**

✔ **പാകിസ്താനെയാണ് ഫൈനലിൽ ഇന്ത്യ പരാജയപ്പെടുത്തിയത്.**

◈ 2019-ലെ യു.എസ്. ഓപ്പൺ വിജയികൾ

**പുരുഷവിഭാഗം - റാഫേൽ നദാൽ (സ്പെയിൻ)**

**റണ്ണർ അപ്പ് - ഡാനിൽ മെദ്‌വെദേവ് (റഷ്യ)**
**വനിതാവിഭാഗം - ബിയാൻക ആന്ദ്രീസ്ക്യൂ (കാനഡ)**
**റണ്ണർ അപ്പ് - സെറീന വില്യംസ് (യു.എസ്.എ.)**

## സെപ്തംബർ 9, 2019

### പ്രാദേശിക വാർത്തകൾ

◈ പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂളുകളിൽ സുരക്ഷിത ശബ്ദ ദിനമായി ആചരിക്കാൻ തീരുമാനിച്ച ദിനം

**ഒക്ടോബർ 1**

✔ **വിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോകോളിന്റെ ഭാഗമായി 'സുരക്ഷിത ശബ്ദം ആരോഗ്യരക്ഷയ്ക്ക്' എന്ന ആശയംകൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചു.**

◈ കേരളത്തിലെ ആദ്യ അഡ്വഞ്ചർ ടൂറിസം അക്കാദമി നിലവിൽ വരുന്നത്

**ശാസ്താംപാറ (തിരുവനന്തപുരം)**

### ദേശീയ വാർത്തകൾ

◈ അടുത്തിടെ അന്തരിച്ച റാം ജഠ്മലാനി ഏത് മേഖലയിൽ പ്രശസ്തനായിരുന്നു?

**അഭിഭാഷകൻ**

✔ **മുൻ പ്രധാനമന്ത്രിമാരായ ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി എന്നിവരുടെ വധക്കേസുകളിൽ പ്രതിഭാഗത്തിന്റെ അഭിഭാഷകനായിരുന്നു.**

◈ സാംസ്കാരിക പൈതൃകം നിലനിർത്താനും അതിന്റെ പ്രചരണത്തിനുമായി രാജസ്ഥാൻ സർക്കാരുമായി കൈകോർക്കുന്ന സംഘടന

**യുനസ്കോ**

- ഇന്ത്യയിലെ ആദ്യ Water-grid നിലവിൽ വരുന്ന സംസ്ഥാനം

**മഹാരാഷ്ട്ര**

- ഇന്ത്യയിലെ രണ്ടാമത്തെ മൾട്ടിമോഡൽ ടെർമിനൽ സ്ഥിതിചെയ്യുന്നത്

**Sahibgang (ജാർഖണ്ഡ്)**

- ✔ **ഇന്ത്യയുടെ ആദ്യ മൾട്ടിമോഡൽ ടെർമിനൽ നവംബർ 2018-ൽ വാരണാസിയിലാണ് ഉദ്ഘാടനം ചെയ്തത്.**
- ഇന്ത്യ-ശ്രീലങ്ക സംയുക്ത നാവികാഭ്യാസമായ SLINEX 2019-ന് വേദിയാകുന്ന നഗരം

**വിശാഖപട്ടണം**

- കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് പുതുതായി അനുവദിച്ച 'കാംപ' ഫണ്ട് ഏത് മേഖലയിലെ വികസനത്തിനുള്ളതാണ്?

**വനവത്കരണം**

- ✔ **കോംപൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംങ് അതോറിറ്റി എന്നതാണ് കാംപയുടെ മുഴുവൻ പേര്.**
- ഇന്ത്യയിലാദ്യമായി ഒരു ഫൺ സോൺ (Fun zone) സജ്ജമാക്കിയ റെയിൽവേ സ്റ്റേഷൻ

**വിശാഖപട്ടണം റെയിൽവേ സ്റ്റേഷൻ (ആന്ധ്രാപ്രദേശ്)**

- ✔ **കേന്ദ്ര റെയിൽവേ മന്ത്രി - പീയുഷ് ഗോയൽ**

## ലോക വാർത്തകൾ

- മോത്തിഹാരി - അമ്‌ലേകുഞ്ചി വാതക പൈപ്പ് ലൈൻ ഇന്ത്യയിൽ നിന്ന് ഏത് രാജ്യത്തിലേയ്ക്കുള്ളതാണ്?

**നേപ്പാൾ**

- സെപ്തംബർ 2019-ൽ ടോക്യോയിൽ ദുരന്തം വിതച്ച ചുഴലിക്കാറ്റ്

**ഫാക്സായ് (Faxai)**

- 6-ാമത് ഇന്ത്യ-ചൈന സ്ട്രാറ്റെജിക് എക്ണോമിക് ഡയലോഗിന് വേദിയാകുന്ന രാജ്യം

**ഇന്ത്യ**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'Phoolpur : Indian Flowers, Their Myths, Traditions and Usage'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**Jhelum Biswas Bose**

## പുരസ്കാരങ്ങളും ബഹുമതികളും

- 2019-ലെ 'രമൺ മാഗ്സസെ അവാർഡ്' ജേതാവ്

**Ravish Kumar**

## കായിക വാർത്തകൾ

- 25-ാമത് സീനിയർ വുമൺസ് നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ വേദി

**Pasighat (അരുണാചൽപ്രദേശ്)**

- 2019-ലെ ആഷസ് ടെസ്റ്റ് ക്രിക്കറ്റ് ജേതാക്കൾ

**ആസ്ട്രേലിയ**

- യു.എസ്. ഓപ്പൺ ടെന്നീസ് വനിതാ വിഭാഗം ഗ്രാൻസ്ലാം നേടുന്ന ആദ്യ കനേഡിയൻ താരം

**ബിയാൻക ആൻഡ്രേസ്ക്യു**

# സെപ്തംബർ 10, 2019

## പ്രാദേശിക വാർത്തകൾ

- ഇന്ത്യയിലാദ്യമായി വനിതകളുടെ ആഗോള വ്യാപാരകേന്ദ്രം ആരംഭിക്കുന്നത്

**കോഴിക്കോട്**

- ✔ **കോഴിക്കോട് ജെൻഡർ പാർക്ക് കാമ്പസിൽ 2021-ഓടുകൂടി പദ്ധതി സജ്ജമാകും**

- കാൻസറിനെയും മറ്റു ജനിതക രോഗങ്ങളെയും കുറിച്ച് കൂടുതൽ

ഗവേഷണങ്ങൾ നടത്തുന്നതിന് തിരുവനന്തപുരം രാജീവ്ഗാന്ധി ബയോടെക്നോളജിയുമായി സഹകരിക്കാൻ മുന്നോട്ട് വന്ന അമേരിക്കൻ ഗവേഷണസ്ഥാപനം

**ഇല്യുമിന**

◈ ആയുർദൈർഘ്യത്തിൽ ഏറ്റവും മുന്നിലുള്ള സംസ്ഥാനം

**കേരളം**

✔ **ഹിമാചൽപ്രദേശിലെ നഗരങ്ങളിൽ താമസിക്കുന്ന സ്ത്രീകൾക്കാണ് ഇന്ത്യയിൽ ഏറ്റവും ഉയർന്ന ആയുർദൈർഘ്യമുള്ളത്.**

## ദേശീയ വാർത്തകൾ

◈ 2019-ലെ വെനീസ് ചലച്ചിത്ര മേളയിൽ മികച്ച സിനിമയായി തിരഞ്ഞെടുക്കപ്പെട്ടത്

**ജോക്കർ**

✔ **സംവിധാനം - ടോഡ് ഫിലിപ്പ്സ്**

◈ തമിഴ്നാട് മുൻ മുഖ്യമന്ത്രിയും നടിയുമായ ജയലളിതയുടെ ജീവിതത്തെ ആസ്പദമാക്കി ഒരുക്കുന്ന വെബ് സീരീസ്

**ക്വീൻ**

◈ ഇന്ത്യയിൽ ആദ്യമായി ഹെലികോപ്റ്റർ സമ്മിറ്റിന് വേദിയായ നഗരം

**ഡെറാഡൂൺ**

✔ **Theme - Role of IAF Helicoptes in MEDEVAC (Medical Evacuation at the national level).**

◈ ഓസോൺ പാളിക്ക് അപകടകരമായ ഏത് വാതകമാണ് ഗുജറാത്തിലെ റാൻ ഓഫ് കച്ചിൽ കണ്ടെത്തിയിരിക്കുന്നത്?

**ബ്രോമിൻ മോണോക്സൈഡ്**

✔ **ഇന്ത്യ-പാക് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന വെളുത്ത മരുഭൂമി എന്നുമറിയപ്പെടുന്ന കച്ചിൽ അപൂർവ വാതകമായ ബ്രോമിൻ മോണോക്സൈഡ് (Bro) അസാധാരണ രീതിയിൽ ഭൂമിക്കിടയിൽ നിന്ന് പ്രവഹിക്കുന്നതായാണ് ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നത്.**

- സെപ്തംബർ, 2019-ൽ അന്തരിച്ച സ്വാതന്ത്ര്യസമരസേനാനി

**ഹീരാലാൽ ശർമ്മ (രാജസ്ഥാൻ)**

- 11-ാമത് Def Expo India-2020-ന് വേദിയാകുന്ന നഗരം

**ലക്നൗ (ഉത്തർപ്രദേശ്)**

- അടുത്തിടെ ഏവിയൻ ഇൻഫ്ളുവൻസ വിമുക്ത രാഷ്ട്രമായി പ്രഖ്യാപിച്ച രാജ്യം

**ഇന്ത്യ**

- ഏത് പൊതുമേഖലാ ബാങ്കിനെയാണ് കാനറാബാങ്കിൽ ലയിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നത്

**സിൻഡിക്കേറ്റ് ബാങ്ക്**

- അടുത്തിടെ രാജസ്ഥാൻ ഗവർണ്ണറായി നിയമിതായ വ്യക്തി

**കൽരാജ് മിശ്ര**

## ലോക വാർത്തകൾ

- ഇന്ത്യ അടുത്തിടെ ഏത് രാജ്യത്തിനാണ് ഒരുമില്ല്യൻ ഡോളർ മാനുഷിക സഹായം വാഗ്ദാനം ചെയ്തത്

**Bahamas**

- ✔ **ഡോറിയൻ ചുഴലികാറ്റ് വൻനാശനഷ്ടം വിതച്ച ദ്വീപ് സമൂഹമാണ് ബഹാമസ്.**

- ലോക ആത്മഹത്യാവിരുദ്ധ ദിനമായി ആചരിക്കുന്നത്

**സെപ്തംബർ 10**

- ചൈനീസ് ഓൺലൈൻ കമ്പനിയായ ആലിബാബയുടെ അധ്യക്ഷസ്ഥാനത്ത് നിന്നും വിരമിച്ച വ്യക്തി

**ജാക്ക് മാ**

- അടുത്തിടെ പാകിസ്ഥാനിൽ 100 കോടി ഡോളർ നിക്ഷേപം നടത്താൻ തീരുമാനിച്ച രാജ്യം

**ചൈന**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'A Prime Minister to Remember Memories of a Military Chief'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**Sushil Kumar**

## പുരസ്കാരങ്ങളും ബഹുമതികളും

◈ 2019-കമലാസുരയ്യാ പുരസ്കാരത്തിന് അർഹരായവർ

**ഒ.വി. ഉഷ (സാഹിത്യം, സാംസ്കാരികം)**

**ഒ. അബ്ദുൽ റഹ്മാൻ (മാധ്യമപ്രവർത്തനം)**

## കായിക വാർത്തകൾ

◈ ഹരിയാനയിലെ കായികസർവ്വകലാശാലയുടെ ആദ്യ ചാൻസിലറായി നിയമിതനാകുന്ന മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം

**കപിൽദേവ്**

◈ ടെസ്റ്റ് ക്രിക്കറ്റിൽ ജയം സ്വന്തമാക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ ക്യാപ്ടൻ എന്ന റെക്കോർഡിനർഹനായ താരം

**റാഷിദ് ഖാൻ (അഫ്ഗാനിസ്ഥാൻ)**

✔ **ക്യാപ്ടനായുള്ള അരങ്ങേറ്റ മത്സരത്തിൽ 10 വിക്കറ്റ് നേട്ടവും അർദ്ധ സെഞ്ചുറിയും കുറിക്കുന്ന ആദ്യ നായകനുമാണ് റാഷിദ് ഖാൻ.**

◈ ഇറ്റാലിയൻ ഫോർമുല മൺ ഗ്രാൻപ്രീ ജേതാവ്

**ചാൾസ് ലെക്ലെർക്ക്**

# സെപ്തംബർ 11, 2019

## പ്രാദേശിക വാർത്തകൾ

◈ അടുത്തിടെ തകർന്നുവീണ ചരിത്രസ്മാരകമായ കടവുംഭാഗം ജൂത പ്പള്ളി സ്ഥിതിചെയ്യുന്നത്

**മട്ടാഞ്ചേരി**

✔ **കൊച്ചിയിലെ ഏറ്റവും പഴക്കമേറിയ ജൂതപ്പള്ളിയായ കടവുംഭാഗം ജൂതപ്പള്ളിക്ക് 400 വർഷത്തെ പഴക്കമുണ്ട്.**

✔ **'കറുത്ത ജൂതരുടെ ദേവാലയം' എന്നാണ് ഈ സിനഗോഗ് അറിയ പ്പെടുന്നത്.**

◈ ലോസ് ഏഞ്ചൽസിൽ നടന്ന ഫിലിം ഫെസ്റ്റിവലിൽ മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ട മലയാളി

**മഹാശ്വേത**

- ✔ സുജിത് ദാസ് സംവിധാനം ചെയ്ത 'ആരോട് പറയും' എന്ന ഷോർട്ട് ഫിലിമിലെ അഭിനയമാണ് മഹാശ്വേതയെ പുരസ്കാരത്തിനർഹയാക്കിയത്.

## ദേശീയ വാർത്തകൾ

◈ മലയാള ഭാഷയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി 'മലയാളം അക്കാദമി' നിലവിൽ വരുന്നത്

**ഡൽഹി**

- ✔ **ഡൽഹി മുഖ്യമന്ത്രി - അരവിന്ദ് കെജ്രിവാൾ**

◈ അടുത്തിടെ രാജിവച്ച മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ്

**താഹിർ രമണി**

◈ റോഡരികിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുവാനോ കേടുപാടുകൾ വരുത്തുവാനോ ശ്രമിക്കുന്നവർക്ക് പിഴയും തടവുശിക്ഷയും ഏർപ്പെടുത്താൻ തീരുമാനിച്ച ഇന്ത്യൻ സംസ്ഥാനം

**തമിഴ്നാട്**

◈ മൈക്രോസോഫ്റ്റ് ഇന്ത്യയുടെ പുതിയ മാനേജിംഗ് ഡയറക്ടർ

**രാജീവ് കുമാർ**

◈ ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിതനായ വ്യക്തി

**ഡോ. പ്രമോദ് കുമാർ മിശ്ര**

◈ ട്രാഫിക് അപ്ഡേറ്റുകൾ സാധ്യമാക്കാനായി ഗൂഗിൾ മാപ്പുമായി കൈകോർക്കുന്ന പോലീസ്സേന

**ഗുരുഗ്രാം ട്രാഫിക് പോലീസ്**

◈ അന്താരാഷ്ട്ര സമ്മേളനമായ Augmenting Nature by Green Affordable New-habitat-ന് വേദിയായ നഗരം

**ന്യൂഡൽഹി**

◈ അടുത്തിടെ പ്രധാനമന്ത്രി നരേന്ദ്രമോദി നാഷണൽ ആനിമൽ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന് തുടക്കം കുറിച്ച നഗരം

**മഥുര (ഉത്തർപ്രദേശ്)**

◈ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മുഖ്യ ഉപദേഷ്ടാവായി നിയമിതനായ വ്യക്തി

**പി.കെ. സിൻഹ**

◈ കാഴ്ചപരിമിതർക്കായി സാംസങ് ആരംഭിച്ച വിഷ്വൽ ആപ്പ്

**Relumino**

✔ **ബധിരരും അന്ധരുമായ ആളുകൾക്ക് ആശയവിനിമയത്തിനായി സാംസങ് Good vibes ഉപകരണവും അനാവരണം ചെയ്തു.**

◈ നിലവിലെ ഗവർണർമാരിൽ ഏറ്റവും പ്രായം കുറഞ്ഞ ഗവർണർ

**തമിഴിസൈ (തെലുങ്കാന ഗവർണർ)**

✔ **ആന്ധ്രാപ്രദേശ് ഗവർണറായ ബിശ്വഭൂഷൺ ഹരിചന്ദനാണ് നിലവിലെ ഗവർണർമാരിൽ പ്രായം കൂടിയ വ്യക്തി.**

## ലോക വാർത്തകൾ

◈ യു.എസ്.-ലെ ഫ്ളോറിഡ സംസ്ഥാനത്തെ ഫെഡറൽ ജഡ്ജിയായി നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യ ഇന്ത്യൻ വംശജൻ

**അനുരാഗ് സിംഗൾ**

◈ അടുത്തിടെ ഇറാനിൽ ഫുട്ബോൾ സ്റ്റേഡിയത്തിൽ പ്രവേശിക്കാൻ ശ്രമിച്ചതിന് അറസ്റ്റിലായതിനെതുടർന്ന് ആത്മഹത്യ ചെയ്ത ഫുട്ബോൾ ആരാധിക

**സഹർ ഖൊഡയാരി**

✔ **ഫുട്ബോൾ കളി കാണാൻ സ്ത്രീകൾക്ക് അനുവാദമില്ലാത്തതിനാൽ പുരുഷവേഷത്തിലാണ് സഹർ സ്റ്റേഡിയത്തിൽ പ്രവേശിച്ചത്.**

◈ ലോകത്തിൽ ഏറ്റവുമധികം ട്വിറ്റർ ഫോളോവേഴ്സുള്ള വ്യക്തി

**ബരാക് ഒബാമ**

✔ **രണ്ടാം സ്ഥാനം - ഡൊണാൾഡ് ട്രംപ്**

✔ **മൂന്നാം സ്ഥാനം - നരേന്ദ്രമോദി**

◈ പ്ലെയിൻ സിഗരറ്റ് പാക്കേജിംഗ് നടത്തുന്ന ആദ്യ ഏഷ്യൻ രാജ്യം

**തായ്‌ലന്റ്**

✔ **പുകവലിയുടെ ആകർഷണം കുറക്കുന്നതിനും ലോകാരോഗ്യ സംഘ**

ടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനുമായാണ് പ്ലെയിൻ സിഗരറ്റ് പാക്കേജിംഗ് ആരംഭിച്ചത്.

## വാർത്തകളിലെ പുസ്തകങ്ങൾ

◊ 'Paramveer Parwane' എന്ന പുസ്തകത്തിന്റെ രചയിതാവ്

**Prabhakiran Jain**

## പുരസ്കാരങ്ങളും ബഹുമതികളും

◊ അനലറ്റിക്കൽ ശാസ്ത്രജ്ഞരുടെ സമഗ്രശാസ്ത്രസംഭാവനകൾക്കുള്ള ദേശീയ ബഹുമതിയായ 'നാഷണൽ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരത്തി'-ന് അർഹനായ വി.എസ്.എസ്.സി. മുൻ ഡെപ്യൂട്ടി ഡയറക്ടർ

**ഡോ. കെ.എൻ. നൈനാൻ**

## കായിക വാർത്തകൾ

◊ ടോക്ക് ഏഷ്യ സൈക്ലിങ് ചാംപ്യൻഷിപ്പിൽ ജൂനിയർ 200 മീറ്റർ ടൈം ട്രയലിൽ റെക്കോർഡ് കരസ്ഥമാക്കിയ ഇന്ത്യൻ താരം

**റൊണാൾഡോ ലെയ്തോൻജാം**

◊ ദേശീയ കായിക നിയമം ലംഘിച്ചതിന്റെ പേരിൽ കേന്ദ്രസർക്കാർ അംഗീകാരം റദ്ദാക്കിയ സ്പോർട്സ് കമ്മിറ്റി

**പാരാലിമ്പിക് കമ്മിറ്റി ഓഫ് ഇന്ത്യ**

# സെപ്തംബർ 12, 2019

## പ്രാദേശിക വാർത്തകൾ

◊ കേരളത്തിലെ ആദ്യ സമ്പൂർണ തരിശുരഹിത മണ്ഡലം

**പാറശ്ശാല**

✔ ഹരിതകേരള മിഷനും കൃഷിവകുപ്പും ചേർന്ന് നടത്തിയ തളിർ പദ്ധതിയിലൂടെയാണ് പാറശ്ശാല ഈ നേട്ടം കൈവരിച്ചത്.

◊ 45-ാമത് അയ്യങ്കാളി ജലോത്സവ ജേതാക്കൾ

**നടുഭാഗം ചുണ്ടൻ**

## ദേശീയ വാർത്തകൾ

- ◈ അടുത്തിടെ DRDO ആന്ധ്രാപ്രദേശിൽ പരീക്ഷണം നടത്തിയ മിസൈൽ

**MPATGM (Man Portable Anti-tank Guided Missile)**

- ✔ **ആന്ധ്രാപ്രദേശിലെ കുർണൂലിലാണ് DRDO ഫ്ളൈറ്റ് ടെസ്റ്റ് നടത്തിയത്.**

- ◈ പശുക്കളെ ദത്തെടുക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച സംസ്ഥാന സർക്കാർ

**മധ്യപ്രദേശ് സർക്കാർ**

- ◈ ആന്ധ്രാപ്രദേശിന്റെ ആദ്യ ലോകായുക്തയായി നിയമിതനായ വ്യക്തി

**ജസ്റ്റിസ് പി. ലക്ഷമണ റെഡ്ഢി**

- ◈ ഏത് സംസ്ഥാനത്താണ് സെപ്തംബർ 12, 2019-ന് പ്രധാനമന്ത്രി നരേന്ദ്രമോദി 'കിസാൻ മൻധൻ യോജന (KMDY)'-ക്ക് തുടക്കം കുറിക്കുന്നത്?

**ജാർഖണ്ഡ്**

- ◈ ഉപ്പിന്റെ ഉപഭോഗത്തിൽ ഒന്നാമത് നിൽക്കുന്ന ഇന്ത്യൻ സംസ്ഥാനം

**ജമ്മുകാശ്മീർ**

## ലോക വാർത്തകൾ

- ◈ Global Antimicrobial Resistance Research-ൽ പുതുതായി അംഗമായ രാജ്യം

**ഇന്ത്യ**

- ◈ ഇന്റർനാഷണൽ സോളാർ അലയൻസിൽ അംഗമായ 79-ാമത്തെ രാജ്യം

**St. Vincent and Grenadines**

- ◈ തെക്ക്-കിഴക്കൻ ഏഷ്യയിലെ ഏറ്റവും വലിയ സൗരോർജ്ജ ഫാം തുറക്കപ്പെട്ട രാജ്യം

**വിയറ്റ്നാം**

- ✔ വിയറ്റ്നാമിന്റെ തലസ്ഥാനം - Hanoi
- ✔ വിയറ്റ്നാമിന്റെ പ്രസിഡന്റ് - Nguyen Phu Trong

◈ മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിപ്രകാരം അടുത്തിടെ ഇന്ത്യ ശ്രീലങ്കയ്ക്ക് നിർമ്മിച്ചു നൽകിയ തീവണ്ടി

**Pulathisi Express**

◈ അടുത്തിടെ നടന്ന 84-ാമത് Thessaloniki International Fair (TIF)-ന് വേദിയായ നഗരം

**ഗ്രീസ്**

◈ ചൈനീസ് ഓൺലൈൻ കമ്പനിയായ ആലിബാബയുടെ പുതിയ ചെയർമാനായി നിയമിതനായ വ്യക്തി

**Daniel Zang**

## വാർത്തകളിലെ പുസ്തകങ്ങൾ

◈ 'Dreams From My Father ' എന്ന പുസ്തകത്തിന്റെ രചയിതാവ്

**ബരാക് ഒബാമ**

## പുരസ്കാരങ്ങളും ബഹുമതികളും

◈ അടുത്തിടെ യു.എ.ഇ. യുടെ ബഹുമതിയായ First Class Order of Zayed II-ന് അർഹനായ ഇന്ത്യൻ അംബാസഡർ

**Navdeep Suri**

## കായിക വാർത്തകൾ

◈ ഇന്ത്യയിലെ രണ്ടാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പദ്മ വിഭൂഷൺ പുരസ്കാരത്തിന് ശിപാർശ ചെയ്യപ്പെ ട്ട വനിതാ കായിക താരം

**മേരികോം (ബോക്സിംഗ്)**

◈ അന്താരാഷ്ട്ര ട്വന്റി-20 ക്രിക്കറ്റിൽ 100 വിക്കറ്റ് നേടിയ ആദ്യ ബൗളർ

**ലസിത് മലിംഗ (ശ്രീലങ്ക)**

◈ വെസ്റ്റ് ഇൻഡീസ് ഏകദിന, ട്വന്റി-20 ക്രിക്കറ്റ് ടീമുകളുടെ ക്യാപറ്റ

നായി നിയമിതനായത്

**കെയ്റോൺ പൊള്ളാഡ്**

◈ സൗത്ത് സോൺ സോഫ്ട് ബാൾ ചാമ്പ്യൻഷിപ്പ് വനിതാ വിഭാഗത്തിൽ കിരീടം നേടിയ സംസ്ഥാനം

**കേരളം**

◈ അടുത്തിടെ ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ച അഫ്ഗാനിസ്ഥാനി ആൾറൗണ്ടർ

**മുഹമ്മദ് നബി**

## സെപ്തംബർ 13, 2019

### പ്രാദേശിക വാർത്തകൾ

◈ ശ്രീനാരായണ ഗുരുദേവന്റെ എത്രാമത് ജന്മവാർഷികമാണ് 2019-ൽ ആചരിച്ചത്?

**163**

✔ **1856, ആഗസ്റ്റ് 20-ന് തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി ഗ്രാമത്തിൽ വയൽവാരം വീട്ടിലാണ് ശ്രീനാരായണ ഗുരു ജനിച്ചത്.**

◈ ഇന്റർനാഷണൽ ഖോ-ഖോ റഫറീസ് പാനലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാളി

**കെ. മണികണ്ഠൻ നായർ**

✔ **ഖോ-ഖോ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ഏഴംഗ റഫറീസ് ബോർഡംഗമാണ് കെ. മണികണ്ഠൻ നായർ.**

◈ മലയാള സിനിമയിലെ വനിതാ കൂട്ടായ്മയായ വിമെൻ ഇൻ സിനിമ കളക്ടീവ് (W.B.C.C) ഏത് ചലച്ചിത്ര താരത്തിന്റെ പേരിലാണ് ഫിലിം സൊസൈറ്റി തുടങ്ങാൻ തീരുമാനിച്ചത്?

**പി.കെ. റോസി**

✔ **മലയാള സിനിമയിലെ ആദ്യ നായികയാണ് 1928-ൽ പുറത്തിറങ്ങിയ 'വിഗതകുമാരൻ' എന്ന നിശബ്ദ ചിത്രത്തിൽ അഭിനയിച്ച പി.കെ. റോസി.**

## ദേശീയ വാർത്തകൾ

◈ 2019, സെപ്തംബർ 28-ന് കമ്മീഷൻ ചെയ്യാനൊരുങ്ങുന്ന ഇന്ത്യയുടെ രണ്ടാമത്തെ സ്കോർപീൻ-ക്ലാസ് അറ്റാക് അന്തർവാഹിനി

**INS Khanderi**

✔ **2017-ൽ കമ്മീഷൻ ചെയ്ത ഐ.എൻ.എസ്. കൽവാരിയാണ് ഇന്ത്യയുടെ ആദ്യ സ്കോർപീൻ ക്ലാസ് അന്തർവാഹിനി**

◈ Fit India കാംപയിന്റെ ബ്രാൻഡ് അംബാസഡർ

**ശിൽപ അഗർവാൾ**

◈ Military Medicine-നെക്കുറിച്ചുള്ള SCO-യുടെ ആദ്യ മീറ്റിംഗിന്റെ വേദി

**ന്യൂഡൽഹി**

✔ SCO - Shanghai Cooperation Organization

◈ ഇന്ത്യയിലെ ഏത് നദിയുടെ ശുചീകരണത്തിനായാണ് റിലയൻസ് ഇൻഡസ്ട്രീസും ആക്ടിവിസ്റ്റായ അഫ്രോസും കൈകോർക്കുന്നത്?

**Mahim (Mithi) – മുംബൈ**

◈ അസോസിയേഷൻ ഓഫ് വേൾഡ് ഇലക്ഷൻ ബോഡീസിന്റെ (AWEB) ചെയർമാനായി നിയമിതനായ വ്യക്തി

**സുനിൽ അറോറ**

◈ സെപ്തംബർ 2019-ൽ 'നമസ്തേ പസഫിക്' സാംസ്കാരിക പരിപാടിയ്ക്ക് വേദിയായ നഗരം

**ന്യൂഡൽഹി**

✔ **ഓസ്ട്രേലിയ, ന്യൂസിലന്റ്, പാപ്പുവ ന്യൂഗിനിയ, ഫിജി എന്നീ രാജ്യങ്ങളുടെ സാംസ്കാരിക കൂട്ടായ്മയാണ് നമസ്തേ പസഫിക്.**

## ലോക വാർത്തകൾ

◈ അടുത്തിടെ അന്തരിച്ച ഇന്തൊനേഷ്യൻ മുൻ പ്രസിഡന്റ്

**ബചാറുദിൻ യൂസുഫ് ഹബീബി**

◈ ലണ്ടൻ യൂണിവേഴ്സിറ്റി കോളേജിലെ ഗവേഷകസംഘം സൗരയൂഥത്തിന് പുറത്തുള്ള ഏത് ഗ്രഹത്തിലാണ് ജലാംശം കണ്ടെത്തിയത്?

**കെ2-18ബി**

- ✔ **ഭൂമിയിൽ നിന്നും 110 പ്രകാശവർഷം അകലെയുള്ള ഈ ഗ്രഹത്തിന് ഭൂമിയേക്കാൾ 8 മടങ്ങ് ഭാരവും 2 മടങ്ങ് വലുപ്പവുമുണ്ട്.**

◈ ഇന്ത്യ-തായ്‌ലന്റ് സംയുക്ത സൈനികാഭ്യാസമായ 'മൈത്രി 2019'-ന്റെ വേദി

**Umroi (മേഘാലയ)**

◈ ലോകത്തിലെ ഏറ്റവും വലിയ ഫ്‌ളൈയിംങ് അനിമൽ

**Cryodrakon Boreas**

◈ റീജിയണൽ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ പുതിയ കാൻസർ സെന്റർ നിലവിൽ വരുന്ന രാജ്യം

**മാലിദ്വീപ്**

- ✔ **ആദ്യമായാണ് കേരളത്തിലെ ആരോഗ്യമേഖല മറ്റൊരു രാജ്യവുമായി കൈകോർക്കുന്നത്.**

## വാർത്തകളിലെ പുസ്തകങ്ങൾ

◈ 'Fortune Turners: The Quartet That Spun India To Glory ' എന്ന പുസ്തകത്തിന്റെ രചയിതാവ്

**Sachin Bajaj & Aditya Bhushan**

## പുരസ്കാരങ്ങളും ബഹുമതികളും

◈ 2019-ലെ 'ലതാ മങ്കേഷ്കർ അവാർഡി'-ന് അർഹയായ സംഗീത സംവിധായിക

**ഉഷ ഖന്ന**

- ✔ **1993-മുതൽ വർഷംതോറും മഹാരാഷ്ട്ര സർക്കാരാണ് ലതാ മങ്കേഷ്കർ അവാർഡ് നൽകുന്നത്.**

## കായിക വാർത്തകൾ

◈ ചെസ് ലോകകപ്പിന്റെ രണ്ടാം റൗണ്ടിലെത്തുന്ന ആദ്യ മലയാളി

**നിഹാൽ സരിൻ**

- ✔ **റഷ്യയിലെ ഹാൻഡി മാൻസിസ്കിൽ നടക്കുന്ന ലോകകപ്പിൽ, പെറു ഗ്രാൻഡ് മാസ്റ്റർ ജോർജ് കോറിയുവിനെയാണ് നിഹാൽ സരിൻ പരാ**

ജയപ്പെടുത്തിയത്.

- 2019-ലെ പത്മഭൂഷൺ അവാർഡിനായി ശിപാർശ ചെയ്യപ്പെട്ട വനിതാ കായികതാരം

**പി.വി. സിന്ധു**

- ✔ **പി.വി. സിന്ധു 2015-ൽ പത്മശ്രീ ബഹുമതി നേടിയിരുന്നു.**

- 2020-ലെ ഫിഫ അണ്ടർ-17 വനിത ലോകപ്പിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം

**ഇന്ത്യ**

- 2019-ലെ Asia Pacific golf hall of fame ആയി തിരഞ്ഞെടുക്കപ്പെട്ട വ്യക്തി

**Pawan Munjal**

## സെപ്തംബർ 14, 2019

### പ്രാദേശിക വാർത്തകൾ

- 2019-ലെ ഫിൽക്ക അന്തർദേശീയ ചലച്ചിത്രോത്സവത്തിലെ ഉദ്ഘാടന ചലച്ചിത്രം

**വുമൺ അറ്റ് വാർ (സംവിധാനം - Benedikt Erlingsson)**

- ഇന്റർനെറ്റ് ആന്റ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹായത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന 'ഹഡിൽ കേരള' സമ്മേളനത്തിന്റെ വേദി

**കോവളം (തിരുവനന്തപുരം)**

- ✔ **ഐ.ടി. മേഖലകളിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഈ സമ്മേളനം നടത്തുന്നത്.**

- ഓഗസ്റ്റ് 2019-ൽ നടന്ന 'സാൻഡിയാഗോ ഇന്റർനാഷണൽ കിഡ്സ് ഫിലിം ഫെസ്റ്റിവലി' ൽ പ്രത്യേക ജൂറി പുരസ്കാരം നേടിയ മലയാള ചലച്ചിത്രം

**അപ്പുവിന്റെ സത്യാന്വേഷണം**

✔ സംവിധാനം - സോഹൻലാൽ

## ദേശീയ വാർത്തകൾ

- 72-ാമത് WHO Regional Committee for South-East Asia 2019-ന്റെ വേദി

**ന്യൂഡൽഹി**

- അടുത്തിടെ ഭൗമസൂചിക പദവി കരസ്ഥമാക്കിയ Srivilliputur Palkova ഏത് സംസ്ഥാനത്തിൽ നിന്നുള്ള ഉത്പന്നമാണ്?

**തമിഴ്നാട്**

- ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡ് അടുത്തിടെ 1320 മെഗാവാട്ട് ശേഷിയുള്ള പവർ പ്ലാന്റ് സ്ഥാപിച്ച സംസ്ഥാനം

**ഒഡിഷ**

- ഇന്ത്യൻ വ്യോമസേന അരുണാചൽ പ്രദേശിലെ ചൈനീസ് അതിർത്തിയിൽ നടത്താനൊരുങ്ങുന്ന വ്യോമാഭ്യാസം

**ഹിം വിജയ് (Him Vijay)**

- സർക്കാർ വകുപ്പുകളെക്കുറിച്ചുള്ള വിവരങ്ങൾ എളുപ്പത്തിൽലഭിക്കുവാൻ വേണ്ടി അടുത്തിടെ രാജസ്ഥാൻ സർക്കാർ ആരംഭിച്ച പോർട്ടൽ

**ജൻ സൂചന പോർട്ടൽ**

- ഇന്ത്യയിലെ ആദ്യ മാരിടൈം കമ്മ്യൂണിക്കേഷൻ സർവ്വീസ് ഉദ്ഘാടനം ചെയ്യപ്പെട്ട നഗരം

**മുംബൈ**

- ദേശീയപാതയിലെ സുരക്ഷാമാർഗങ്ങൾ പഠിക്കാനും ഇന്ത്യയിൽ നടപ്പിലാക്കുവാനുമായി ഓസ്ട്രേലിയയിലേക്ക് ഒരു സംഘത്തെ അയച്ച സംസ്ഥാനം

**തമിഴ്നാട്**

## ലോക വാർത്തകൾ

- അടുത്തിടെ അന്തരിച്ച ചാർലി കോൾ ഏത് മേഖലയിലെ പ്രശസ്ത വ്യക്തിയായിരുന്നു?

**ഫോട്ടോഗ്രാഫർ**

- ✔ **ചൈനയിലെ ടിയാനൻമെൻ സ്‌ക്വയർ പ്രക്ഷോഭത്തിന്റെ പ്രതീകമായി മാറിയ 'ടാങ്ക് മാൻ' എന്ന ചിത്രത്തിലൂടെ ലോകപ്രശസ്ത ഫോട്ടോഗ്രാഫറായി മാറിയ വ്യക്തിയാണ് ചാർലി കോൾ.**

◈ ടൈംസ് ഹയർ എജ്യുക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗ്-2020-ൽ ഏറ്റവും മുന്നിലുള്ള യൂണിവേഴ്സിറ്റി

**യൂണിവേഴ്സിറ്റി ഓഫ് ഓക്സ്ഫോർഡ്**

◈ 76-ാമത് വെനീസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലെ 'Golden Lion' അവാർഡിനർഹമായ ചിത്രം

**ജോക്കർ (സംവിധാനം- ടോഡ് ഫിലിപ്സ്)**

◈ ഇന്ത്യയുടെ ഗഗൻയാൻ ദൗത്യത്തിന് തയ്യാറെടുക്കുന്ന ബഹിരാകാശ സഞ്ചാരികൾക്ക് പരിശീലനം നൽകുന്ന രാജ്യം

**റഷ്യ**

◈ പ്രഥമ ASEAN-US Maritime Excercise (AUMX) ആരംഭിച്ച രാജ്യം

**തായ്‌ലന്റ്**

◈ 4-ാമത് ഇന്ത്യൻ ഓഷ്യൻ കോൺഫറൻസ് (ഐ.ഒ.സി.) 2019-ന് വേദിയായ രാജ്യം

**മാലിദ്വീപ്**

◈ സിഖ്മത സ്ഥാപകനായ ഗുരുനാനാക് ദേവിന്റെ രചനകളെ ലോകഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യാൻ തീരുമാനിച്ച സംഘടന

**യുനെസ്കൊ**

## വാർത്തകളിലെ പുസ്തകങ്ങൾ

◈ 'Big Billion Startup: The Untold Flipcart Story' എന്ന പുസ്തകത്തിന്റെ രചയിതാവ്

**Mihir Dalal**

## കായിക വാർത്തകൾ

◈ 2019-ലെ World Wrestling Championship-ന്റെ വേദി

**നുർ-സുൽത്താൻ (കസാഖിസ്ഥാൻ)**

- വിയറ്റ്നാം ഓപ്പൺ ബാഡ്മിന്റൺ മത്സരം വിജയിച്ച ഇന്ത്യൻ കായികതാരം

**സൗരഭ് വർമ്മ**

- വേൾഡ് ബില്ല്യാർഡ് ചാമ്പ്യൻഷിപ്പ് 2019-ന്റെ വിജയി

**പങ്കജ് അദ്വാനി**

- ഇന്റർനാഷണൽ ബാസ്ക്കറ്റ്ബോൾ ഫെഡറേഷൻ സംഘടിപ്പിച്ച രണ്ടാമത് ബാസ്ക്കറ്റ്ബോൾ വേൾഡ് കപ്പ് ജേതാക്കൾ

**സ്പെയിൻ**

## സെപ്തംബർ 15, 2019

### പ്രാദേശിക വാർത്തകൾ

- 2019 സെപ്തംബറിൽ നടന്ന ദേശീയ ടൂറിസം സമ്മേളനത്തിന്റെ വേദി

**കോവളം (തിരുവനന്തപുരം)**

- 2019 സെപ്തംബറിൽ അന്തരിച്ച പ്രശസ്ത മലയാള സാഹിത്യകാരൻ

**ശിവരാമൻ ചെറിയനാട്**

- ✔ **ഭഗവതിത്തെരുവിലെ കാറ്റ്, പുതിയ പാഠങ്ങൾ, വിയറ്റ്നാം കഥകൾ, ഒരു പാവം കഴുത, വലിയവരുടെ മരണം വലിയ മരണം തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്ത കൃതികളാണ്.**

### ദേശീയ വാർത്തകൾ

- ഇന്ത്യയിൽ എൻജിനീയർമാരുടെ ദിനമായി ആചരിക്കുന്നത്

**സെപ്തംബർ 15**

- ✔ **'ആധുനിക മൈസൂരിന്റെ ശിൽപി' എന്നറിയപ്പെടുന്ന എം. വിശ്വേശ്വരയ്യയുടെ ജന്മ ദിനമായ സെപ്തംബർ 15 ഇന്ത്യയിൽ എൻജിനീയർമാരുടെ ദിനമായി ആചരിക്കുന്നു.**
- ✔ Theme : Engineering For Change

- ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് ക്രഡിറ്റ് കാർഡ് സംവിധാനം ആരംഭിക്കാൻ തീരുമാനിച്ച ബാങ്ക്

**ഐ.ഡി.ബി.ഐ. ബാങ്ക്**

◈ ലോകത്തിലെ ഏറ്റവും ഉയരത്തിൽ നടക്കുന്ന മാരത്തോൺ എന്ന ബഹുമതി നേടിയത്

**ലഡാക് മാരത്തോൺ**

◈ ദൂരദർശന്റെ എത്രാമത് വാർഷികമാണ് 2019 സെപ്തംബറിൽ ആഘോഷിച്ചത്?

**60**

✔ **1959 സെപ്തംബർ 15-നാണ് ദൂരദർശൻ സംപ്രേക്ഷണം ആരംഭിച്ചത്.**

◈ സബ്സിഡി നിരക്കിൽ റേഷൻ കാർഡ് ഉപഭോക്താക്കൾക്ക് 2 കിലോ ധാന്യങ്ങൾ ലഭ്യമാക്കുന്നതിനായി ഉത്തരാഖണ്ഡ് സർക്കാർ ആരംഭിച്ച പദ്ധതി

**Mukhya Mantri Dal Poshit Yojana**

◈ ടൈംസ് ഹയർ എഡ്യൂക്കേഷന്റെ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗ് 2020-ൽ ഇന്ത്യയിൽ നിന്നും ഒന്നാമതെത്തിയ സർവ്വകലാശാലകൾ

**Indian Institute of Science (Bengaluru), Indian Institute of Technology Ropar**

## ലോക വാർത്തകൾ

◈ ഏതു രാജ്യത്തിലെ എണ്ണക്കമ്പനിക്ക് നേരെയാണ് അടുത്തിടെ ഡ്രോൺ ആക്രമണം ഉണ്ടായത്?

**സൗദി അറേബ്യ**

✔ **ലോകത്തിലെ ഏറ്റവും വലിയ എണ്ണക്കമ്പനിയായ സൗദി അറേബ്യയിലെ അരാംകോയുടെ ആസ്ഥാനമായ ബുഖ്യാഖിയിലാണ് ഡ്രോൺ ആക്രമണമുണ്ടായത്.**

◈ അടുത്തിടെ അന്തരിച്ച യു.എസ്.-ലെ വർണ്ണ വിവേചനത്തിനെതിരെ കലാപം നയിച്ച പൗരാവകാശ പ്രവർത്തക

**ജുവാനിറ്റ അബർനതി**

◈ യെമനിൽ ഐക്യരാഷ്ട്രസഭ നടത്തുന്ന ദൗത്യത്തിന്റെ തലവനായി നിയമിതനായ മുൻ ഇന്ത്യൻ സൈനികൻ

**Lt. Gen. Abhijit Guha**

- അന്താരാഷ്ട്ര ജനാധിപത്യ ദിനമായി ആചരിക്കുന്ന ദിനം

**സെപ്തംബർ 15**

- ✔ Theme : Participation

- സ്ലൊവാനിയ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ രാഷ്ട്രപതി

**രാംനാഥ് കോവിന്ദ്**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'The First Person' എന്ന പുസ്തകത്തിന്റെ രചയിതാവ്

**Vladimir Putin**

## കായിക വാർത്തകൾ

- കേരള ബാസ്ക്കറ്റ്ബോൾ അസോസിയേഷൻ പ്രസിഡന്റായി നിയമിതനായ വ്യക്തി

**വി.സി. ഹാഷിം**

- സംസ്ഥാന ക്ലാസിക് പവർലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിലെ ഓവറോൾ ചാമ്പ്യൻമാർ

**തിരുവനന്തപുരം**

- ബെൽജിയൻ ഇന്റർനാഷണൽ ചാലഞ്ച് കിരീടം സ്വന്തമാക്കിയ ഇന്ത്യൻ ബാഡ്മിന്റൺ താരം

**ലക്ഷ്യ സെൻ**

- മ്യാൻമാർ ഇന്റർനാഷണൽ ബാഡ്മിന്റൺ സീരീസിൽ കിരീടം നേടിയ ഇന്ത്യൻ താരം

**കൗശൽ ധർമാമർ**

- ചൈനയിൽ വച്ച് നടന്ന ബാസ്ക്കറ്റ്ബോൾ വേൾഡ് കപ്പ് ജേതാക്കൾ

**സ്പെയിൻ**

- ✔ **ഫൈനലിൽ അർജന്റീനയെ പരാജയപ്പെടുത്തിയാണ് സ്പെയിൻ ജേതാക്കളായത്.**

## സെപ്തംബർ 16, 2019

### പ്രാദേശിക വാർത്തകൾ

- അടുത്തിടെ പശ്ചിമഘട്ടമലനിരകളിൽ നിന്നും പുതുതായി കണ്ടെത്തിയ സസ്യം

**ടൈലോഫോറ ബാലകൃഷ്ണാനീ**

- ✔ **എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിലെ മുൻ മേധാവിയും ജൈവവൈവിധ്യബോർഡ് മെമ്പർ സെക്രട്ടറിയുമായ ഡോ. വി. ബാല കൃഷ്ണൻ ശാസ്ത്രലോകത്തിനു നൽകിയ സംഭാവനകളെ മുൻനിർത്തിയാണ് സസ്യത്തിന് ഈ പേര് നൽകിയത്.**

- 2019 സെപ്തംബറിൽ അന്തരിച്ച പ്രശസ്തനായ മലയാള കവി

**കിളിമാനൂർ മധു**

- ✔ **സമയതീരങ്ങളിൽ, മണൽഘടികാരം, ഹിമസാഗരം, ചെരുപ്പുകണ്ണട തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കവിതാസമാഹാരങ്ങളാണ്.**
- ✔ **50-ഓളം കവിതകളുടെ ഇംഗ്ലീഷ് പരിഭാഷയായ 'നെയിം ഓഫ് ലൈഫ്' ആണ് അവസാനം പുറത്തിറങ്ങിയത്.**

### ദേശീയ വാർത്തകൾ

- അമേരിക്കൻ സംസ്ഥാനമായ Delaware-ഉം ആയി സിസ്റ്റർ സ്റ്റേറ്റ് ധാരണയിലേർപ്പെട്ട ഇന്ത്യൻ സംസ്ഥാനം

**ഗുജറാത്ത്**

- ആഭ്യന്തരമന്ത്രി അമിത് ഷാ 2019-ലെ 'അന്താരാഷ്ട്ര രാമായണ ഫെസ്റ്റിവൽ' ഉദ്ഘാടനം ചെയ്ത നഗരം

**ന്യൂഡൽഹി**

- കേന്ദ്ര ജൽശക്തി മന്ത്രാലയം ഗംഗാ നദിസംരക്ഷണത്തിന്റെ ബോധവത്കരണത്തിനായി 'ഗ്രേറ്റ് ഗംഗാ റൺ-2019' ആരംഭിച്ചത്

**ന്യൂഡൽഹി (ജവഹർലാൽ നെഹ്റു സ്റ്റേഡിയം)**

- ✔ **ജൽശക്തി മന്ത്രി - ഗജേന്ദ്ര സിംഗ് ഷെഹാവത്**

- ഏതു സംസ്ഥാനത്താണ് കേന്ദ്ര വാർത്താ-പ്രക്ഷേപണ മന്ത്രിയായ

പ്രകാശ് ജാവ്ദേക്കർ 'ജൽ ദൂത് വെഹിക്കിൾ' ഫ്ളാഗ് ഓഫ് ചെയ്തത്

**മഹാരാഷ്ട്ര (പൂന)**

- ✔ **ജലസംരക്ഷണത്തെക്കുറിച്ചുള്ള സന്ദേശങ്ങൾ സംസ്ഥാനത്തുടനീളം എത്തിക്കുകയാണ് ഇത് വഴി ലക്ഷ്യമിടുന്നത്.**
- ◈ ആദ്യമായി 'അറസ്റ്റ് ലാൻഡിങ്' നടത്തിയ ഇന്ത്യൻ യുദ്ധവിമാനം

**തേജസ്**

- ✔ **റൺവേയിലിറങ്ങുന്ന വിമാനം അധികദൂരം ഓടും മുമ്പ് പിടിച്ചുകെട്ടി നിർത്തുന്നതിനെയാണ് 'അറസ്റ്റ് ലാൻഡിങ്' എന്ന് പറയുന്നത്.**

## ലോക വാർത്തകൾ

- ◈ ലോക ഓസോൺ ദിനമായി ആചരിക്കുന്നത്

**സെപ്തംബർ 16**

- ✔ Theme : 32 Years and Healing
- ◈ യു.എസ്. സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയെ വരവേൽക്കാനായി ഇന്ത്യൻ സമൂഹം ഹൂസ്റ്റണിൽ സംഘടിപ്പിക്കുന്ന വമ്പൻ പരിപാടി

**ഹൗഡി മോദി**

- ◈ ഇന്ത്യൻ രാഷ്ട്രപതിയായ രാംനാഥ് കോവിന്ദ്, ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഗാന്ധിജിയുടെ പ്രതിമ അനാച്ഛാദനം ചെയ്ത രാജ്യം

**സ്വിറ്റ്സർലാന്റ്**

- ◈ FRASER ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ 2019-ലെ ഗ്ലോബൽ എക്കണോമിക് ഇൻഡക്സിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം

**ഹോങ്കോംഗ്**

- ✔ **ഇന്ത്യയുടെ സ്ഥാനം - 79**

## വാർത്തകളിലെ പുസ്തകങ്ങൾ

- ◈ 'Rethinking Good Governance: Holding to Account India's Public Institutions'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**വിനോദ് റായ് (മുൻ ഇന്ത്യൻ സി.എ.ജി.)**

## പുരസ്കാരങ്ങളും ബഹുമതികളും

- 2019 സെപ്തംബറിൽ നടന്ന സിംഗപ്പൂർ സൗത്ത് ഏഷ്യൻ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മികച്ച നടനുള്ള പുരസ്കാരത്തിനർഹനായത്

**ഇന്ദ്രൻസ് (ചിത്രം - വെയിൽമരങ്ങൾ)**

## കായിക വാർത്തകൾ

- 2019-ലെ ദക്ഷിണമേഖല ജൂനിയർ അത്‌ലറ്റിക്സിൽ തുടർച്ചയായി രണ്ടാം തവണയും കിരീടം നേടിയ സംസ്ഥാനം

**തമിഴ്നാട്**

- ✔ **രണ്ടാം സ്ഥാനം - കേരളം**
- ✔ **വേദി - കർണാടക**

- ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഏത് ഇന്ത്യൻ താരത്തിനാണ് മുഖ്യ സ്ഥാനം നൽകിയത്

**ബജ്റംഗ് പൂനിയ**

- 2019-ലെ ലോക ചെസ് ചാമ്പ്യൻഷിപ്പിന്റെ വേദി

**റഷ്യ (മോസ്കോ)**

# സെപ്തംബർ 17, 2019

## പ്രാദേശിക വാർത്തകൾ

- റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യമണിക്കൂറുകളിൽ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനുള്ള സൗജന്യ ആംബുലൻസ് സംവിധാനം

**കനിവ് 108**

- ✔ **മുഖ്യമന്ത്രി പിണറായി വിജയൻ ആംബുലൻസുകളുടെ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു.**

- കേരളത്തിൽ ആദിവാസി കുട്ടികൾക്കായുള്ള ആദ്യത്തെ മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ സ്പോർട്സ് സ്ഥാപിതമാകുന്ന ജില്ല

**പാലക്കാട്**

- ഏത് ജില്ലയെയാണ് അഞ്ച് വർഷത്തിനുള്ളിൽ കാർബൺ ന്യൂട്രൽ ജില്ലയാക്കുമെന്ന് ധനമന്ത്രി തോമസ് ഐസക് പ്രഖ്യാപിച്ചത്?

**വയനാട്**

- ✔ **കർഷകർക്ക് മരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകുന്ന പദ്ധതി മീനങ്ങാടിയിൽ ജനുവരി 2020-ന് തുടക്കം കുറിക്കും.**

## ദേശീയ വാർത്തകൾ

- സ്വകാര്യമേഖലയിലെ ജോലികളിൽ 75% തദ്ദേശീയർക്ക് നീക്കിവയ്ക്കാൻ ഒരുങ്ങുന്ന സംസ്ഥാനം

**രാജസ്ഥാൻ**

- ✔ **സ്വകാര്യമേഖയിൽ തദ്ദേശീയർക്ക് ജോലി സംവരണം ചെയ്ത ആദ്യ സംസ്ഥാനമാണ് ആന്ധ്രാപ്രദേശ്.**

- ഇന്ത്യയുടെ പ്രമുഖ ഗണിതശാസ്ത്ര പണ്ഡിതയായ ശകുന്തളാദേവിയുടെ ജീവിതം പ്രമേയമാക്കി ഒരുക്കുന്ന ചലച്ചിത്രം

**ശകുന്തളാദേവി-ഹ്യൂമൻ കമ്പ്യൂട്ടർ**

- ✔ **സംവിധാനം-അനു മേനോൻ (മലയാളി)**
- ✔ **ശകുന്തളാദേവിയായി അഭിനയിക്കുന്നത് പ്രശസ്ത ബോളിവുഡ്താരം വിദ്യാബാലൻ.**

- ഡിജിറ്റൽ മീഡിയം ഉപയോഗിച്ച് പൊതുപരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനായി 'മുഖ്യമന്ത്രി സേവ സങ്കൽപ്പ് 1100' എന്ന നമ്പർ ആരംഭിച്ച സംസ്ഥാനം

**ഹിമാചൽപ്രദേശ്**

- ഇന്ത്യയുടെ ആദ്യ വനിത മിലിറ്ററി നയതന്ത്രജ്ഞ

**അഞ്ജലി സിംഗ് (വിങ് കമാൻഡർ)**

- ✔ **റഷ്യയിലെ ഇന്ത്യൻ എംബസിയിൽ ഡെപ്യൂട്ടി എയർ അറ്റാഷെയായി വിങ് കമാൻഡർ അഞ്ജലി സിംഗ് നിയമിതയായി.**

- രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ പ്രസ് സെക്രട്ടറിയായി അടുത്തിടെ നിയമിതനായ വ്യക്തി

**അജയ് കുമാർ സിംഗ്**

- ഇന്ത്യ, തായ്‌ലന്റ്, സിംഗപ്പൂർ എന്നീരാജ്യങ്ങൾ തമ്മിലുള്ള സമുദ്രബന്ധത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ത്രൈലാറ്ററൽ നാവികാഭ്യാസം

**SITMEX**

- ✔ **വേദി - പോർട്ട് ബ്ലെയർ**

## ലോക വാർത്തകൾ

- ഏത് അന്താരാഷ്ട്ര സംഘടന നിയമിച്ച അന്വേഷണ സംഘമാണ് മ്യാൻമാറിലെ ആറ് ലക്ഷം രോഹിങ്ക്യകൾ വംശഹത്യയുടെ ഭീതിയിലെന്ന് കണ്ടെത്തിയത്

**ഐക്യരാഷ്ട്രസഭ (യു.എൻ. മനുഷ്യാവകാശ കൗൺസിൽ)**

- ✔ **2017 -മ്യാൻമാറിലെ സൈനിക നടപടിയുടെ പശ്ചാത്തലത്തിൽ യു.എൻ. മനുഷ്യാവകാശ കൗൺസിലാണ് അന്വേഷണസംഘത്തെ നിയമിച്ചത്.**

- 2022-ൽ ശൂന്യാകാശത്തെയ്ക്ക് ആദ്യമായി ബഹിരാകാശ യാത്രികനെ അയക്കുന്ന രാജ്യം

**പാകിസ്ഥാൻ**

- ✔ **പാകിസ്ഥാന്റെ പ്രധാന സഖ്യരാജ്യമായ ചൈനയുമായി ചേർന്നാണ് പദ്ധതി തയ്യാറാക്കുന്നത്.**

- അടുത്തിടെ രാജിവച്ച ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് പ്രസിഡന്റ്

**Takehiko Nakao**

- ഐക്യരാഷ്ട്ര സംഘടന പ്രഥമ 'World Patient Safety Day'- ആയി ആചരിക്കുന്നത്

**2019 സെപ്തംബർ, 17**

- ✔ **മുദ്രാവാക്യം-Speak Up for patient safety**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'Turbulence & Triumph: The Modi Years'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**രാഹുൽ അഗർവാൾ**

## പുരസ്കാരങ്ങളും ബഹുമതികളും

◈ 2019 ലെ ഡോ. കലാം സ്മൃതി എക്സലൻസ് അവാർഡിനർഹയായത്
**ഷെയ്ക്ക് ഹസീന (ബംഗ്ലാദേശ് പ്രധാനമന്ത്രി)**

## കായിക വാർത്തകൾ

◈ ഐ.സി.സി. ടെസ്റ്റ് ക്രിക്കറ്റ് റാങ്കിംഗിൽ ഒന്നാംസ്ഥാനത്തുള്ള രാജ്യം
**ഇന്ത്യ**

◈ അടുത്തിടെ അന്തരിച്ച വിഖ്യാത ഫുട്ബോൾ പരിശീലകൻ
**റൂഡി ഗുട്ടെൻഡോർഫ്**

✔ **കരിയറിലുടനീളം 55 ടീമുകളെ പരിശീലിപ്പിച്ച് ഗിന്നസ് റെക്കോർഡ് നേടിയ ഫുട്ബോൾ കോച്ചാണ് ജർമ്മൻകാരനായ ഗുട്ടെൻഡോർഫ്.**

◈ PepsiCo-യുടെ സ്പോർട്സ് ഡ്രിങ്ക് ബ്രാൻഡായ Gatorade- ന്റെ ബ്രാൻഡ് അംബാസഡറായ വനിതാ കായികതാരം
**ഹിമാദാസ്**

◈ അന്താരാഷ്ട്ര ട്വന്റി 20 ക്രിക്കറ്റിൽ തുടർച്ചയായി 12 വിജയങ്ങൾ എന്ന റെക്കോർഡ് നേടിയത്
**അഫ്ഗാനിസ്ഥാൻ**

# സെപ്തംബർ 18, 2019

## പ്രാദേശിക വാർത്തകൾ

◈ കേരളത്തിൽ നിന്ന് സ്റ്റുഡന്റ് പൈലറ്റ് ലൈസൻസ് സ്വന്തമാക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ പെൺകുട്ടി
**നിലോഫർ മുനീർ (16 വയസ്)**

◈ തീരപ്രദേശങ്ങളിലെ കായിക വികസനത്തിനും പ്രചാരണത്തിനുമായി കായിക വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടി
**ബീച്ച് ഗെയിംസ്**

◈ ഉത്തരകൊറിയയിലെ 'പോങ്യാങ് രാജ്യാന്തര ചലച്ചിത്രമേളയി'-ലേയ്ക്ക് ക്ഷണം ലഭിക്കുന്ന ആദ്യ മലയാള ചലച്ചിത്രം

**നവൽ എന്ന ജുവൽ**

- ✔ **സംവിധാനം - രഞ്ജിത്ത് ലാൽ ദാമോദരൻ**
- ✔ **2017-ൽ റിലീസ് ചെയ്ത ഈ ചിത്രത്തിന് വിവിധ രാജ്യാന്തര ചലച്ചിത്രമേളകളിലായി മുപ്പതോളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.**

◈ സൈബർ സുരക്ഷ സംബന്ധിച്ച് കേരള പോലീസ് നടത്തുന്ന വാർഷിക രാജ്യാന്തരസമ്മേളനം

**കൊക്കൂൺ**

## ദേശീയ വാർത്തകൾ

◈ അടുത്തിടെ വിജയകരമായി പരീക്ഷിച്ച, ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത, എയർ ടു എയർ മിസൈൽ

**അസ്ത്ര**

- ✔ **ഒഡീഷയിലെ ബാലസോറിൽ, സുഖോയ്-30 എം.കെ.ഐ. വിമാനത്തിൽ നിന്നും നടത്തിയ പരീക്ഷണത്തിലാണ് മിസൈൽ ലക്ഷ്യം കൃത്യമായി കണ്ടെത്തി തകർത്തത്.**

◈ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജീവിതകഥയെ ആസ്പദമാക്കി സഞ്ജയ് ലീലാ ബെൻസാലിയും മഹാവീർ ജെയ്നും ചേർന്ന് നിർമ്മിക്കുന്ന ചലച്ചിത്രം

**മൻ ബൈരാഗി**

- ✔ **പ്രധാനമന്ത്രി മോദിയുടെ ജീവിതം അടിസ്ഥാനമാക്കിയുള്ള മറ്റൊരു ചിത്രമായിരുന്നു 'പി.എം. നരേന്ദ്രമോദി'.**

◈ അടുത്തിടെ ദിക്ഷി (Dikshi) ജലവൈദ്യുത പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ട സംസ്ഥാനം

**അരുണാചൽപ്രദേശ്**

- ✔ നദി - Phudungto

◈ DRDO-ഇന്ത്യൻ വ്യോമസേനയ്ക്ക് കൈമാറിയ AEWC എയർക്രാഫ്റ്റ്

**നേത്ര**

- ✔ AEWC - Airborne Warning And Control

◈ ഇന്ത്യൻ വ്യോമസേനയിൽ ട്രൈബൽ വിഭാഗത്തിൽ നിന്ന്

പൈലറ്റാകുന്ന ആദ്യവനിത

**അനുപ്രിയ ലക്ര (ഒഡിഷ)**

- 2019- സെപ്തംബറിൽ എയർടെൽ പേയ്മെന്റ് ബാങ്ക് ആരംഭിച്ച സേവിംഗ് അക്കൗണ്ട്

**ഭരോസ (Bharosa)**

- അടുത്തിടെ ഓസ്കാർ നോമിനേഷൻ ലഭിച്ച ഇന്ത്യൻ ഡോക്യുമെന്ററി

**Moti Bagh**

- ✔ സംവിധാനം - Nirmal Chander
- ✔ **ഉത്തരാഖണ്ഡിലെ കർഷകനായ വിദ്യാദത്തിന്റെ ജീവിതകഥയാണ് ഈ ഡോക്യുമെന്ററിയുടെ ഇതിവൃത്തം.**

- 2019- സെപ്തംബറിൽ മൂന്ന് ദിവസം നീണ്ടുനിന്ന 'നീർമഹൽ ജൽ ഉത്സവത്തി'-ന് വേദിയായ സംസ്ഥാനം

**ത്രിപുര**

## ലോക വാർത്തകൾ

- ദക്ഷിണേഷ്യയിലെ ഏറ്റവും ഉയരം കൂടിയ ടവർ സ്ഥിതി ചെയ്യുന്ന രാജ്യം

**ശ്രീലങ്ക**

- ✔ **ശ്രീലങ്കയുടെ തലസ്ഥാനമായ കൊളംബോയിലാണ് 356.3 മീറ്റർ (1169 അടി) ഉയരമുള്ള ലോട്ടസ് ടവർ സ്ഥിതി ചെയ്യുന്നത്.**

- 2019-ലെ അഗാഖാൻ ആർക്കിടെക്ച്ചർ അവാർഡ് നേടിയ ബംഗ്ലാദേശിലെ വിദ്യാഭ്യാസ പ്രോജക്ട്

**Arcadia Education Project**

- അമേരിക്കയുടെ പുതിയ ദേശീയ സുരക്ഷാ ഉപദേഷ്ടാവായി നിയമിതനായ വ്യക്തി

**Robert O' Brien**

- 'ലോക മുള ദിനം' ആയി ആചരിക്കുന്നത്

**സെപ്തംബർ 18**

## വാർത്തകളിലെ പുസ്തകങ്ങൾ

◈ 'നാട്ടുനൻമകൾ കേട്ടുതീരുമോ'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**ഡോ. സി.വി. ആനന്ദബോസ്**

✔ **ഡോ. സി.വി. ആനന്ദബോസിന്റെ ആത്മകഥാ കുറിപ്പുകളുടെ സമാഹാരമായ ഈ പുസ്തകത്തിന്റെ പ്രകാശനം കേരള ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ് നിർവ്വഹിച്ചു.**

## പുരസ്കാരങ്ങളും ബഹുമതികളും

◈ 2019-ലെ 'Asia Society Game Changers Award' നേടിയ ഇന്ത്യൻ വനിതാ ഐ.പി.എസ്. ഓഫീസർ

**Chhaya Sharma**

## കായിക വാർത്തകൾ

◈ ഉസ്ബക്കിസ്ഥാനിൽ നടക്കുന്ന ഇൻഡിപെൻഡൻസ് ഹാൻഡ്ബോളിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാളി

**എസ്. ശിവപ്രസാദ് (കേരള സീനിയർ ഹാൻഡ്ബോൾ ക്യാപ്റ്റൻ)**

◈ 2019-സെപ്തംബറിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും വിരമിച്ച ഇന്ത്യൻ ക്രിക്കറ്റ് താരം

**ദിനേഷ് മോംഗിയ**

◈ FIFA-യുടെ പുതിയ റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം

**104**

◈ 2020-ലെ ടോക്കിയോ ഒളിംബിക്സിലേയ്ക്ക് യോഗ്യത നേടിയ ഇന്ത്യൻ വനിത ഗുസ്തിതാരം

**Vinesh Phagat**

◈ വൈറ്റ് ബോൾ ക്രിക്കറ്റിൽ ആദ്യമായി രണ്ട് ഹാട്രിക് എടുത്ത് ചരിത്രം കുറിച്ച വനിതാ ക്രിക്കറ്റ്താരം

**Megan Schutt (ആസ്ട്രേലിയൻ ക്രിക്കറ്റ് താരം)**

# സെപ്തംബർ 19, 2019

## പ്രാദേശിക വാർത്തകൾ

◈ കേന്ദ്ര സർക്കാരിന്റെ ദീൻ ദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് ശാക്തീകരൺ അവാർഡിനർഹമായ കേരളത്തിലെ ബ്ലോക്ക് പഞ്ചായത്ത്

**നെടുമങ്ങാട്**

✔ **സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള 'സ്വരാജ് ട്രോഫി' അവാർഡും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിനായിരുന്നു.**

◈ ഇന്ത്യയിലെ ഏറ്റവും വലിയ കൾച്ചറൽ സെന്റർ നിർമ്മിതമാകുന്ന ജില്ല

**കോഴിക്കോട്**

◈ കേരള സാഹിത്യ അക്കാഡമി ശ്രീനാരായണഗുരുവിനെപ്പറ്റി ആദ്യമായി പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് ഗ്രന്ഥം

**ശ്രീനാരായണഗുരു - ദി മിസ്റ്റിക്കൽ ലൈഫ് ആൻഡ് ടീച്ചിംഗ്സ്**

◈ 2019 ഒക്ടോബർ 13-ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വെയറിൽ വച്ച് ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിക്കുന്നത്

**മറിയം ത്രേസ്യ**

## ദേശീയ വാർത്തകൾ

◈ ഇലക്ട്രോണിക് സിഗരറ്റിന്റെ ഇറക്കുമതിയും, ഉത്പാദനവും, വിൽപ്പനയും, ഓൺലൈൻ സംവിധാനങ്ങളിലൂടെയുള്ള പരസ്യവും രാജ്യവ്യാപകമായി നിരോധിക്കാൻ അടുത്തിടെ തീരുമാനിച്ച രാജ്യം

**ഇന്ത്യ**

◈ നിലവിലെ സുപ്രീംകോടതി ജഡ്ജിമാരുടെ എണ്ണം

**33**

✔ **ഹൈക്കോടതി ചീഫ് ജസ്റ്റിസ്റ്റുമാരായ ഋഷികേശ് റോയ് (കേരളം), വി. രാമസുബ്രഹ്മണ്യൻ (ഹിമാചൽപ്രദേശ്), കൃഷ്ണ മുരാരി (പഞ്ചാബ്-ഹരിയാന), എസ്. രവീന്ദ്രഭട്ട് (രാജസ്ഥാൻ) എന്നിവരുടെ നിയമനത്തോടെ സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റിസുൾപ്പെടെ ജഡ്ജിമാരുടെ എണ്ണം 34 ആയി.**

- ഇന്ത്യയുടെ പുതിയ വ്യോമസേന മേധാവിയായി നിയമിതനാകുന്ന വ്യക്തി

**രാകേഷ് കുമാർ സിംഗ് ബദൗരിയ (വൈസ് ചീഫ് മാർഷൽ)**

- ✔ **എയർ ചീഫ് മാർഷൽ ബി.എസ്. ധനോവ വിരമിക്കുന്ന ഒഴിവിലേക്കാണ് നിയമനം.**

- തേജസ് യുദ്ധവിമാനത്തിൽ യാത്രചെയ്ത ആദ്യ പ്രതിരോധമന്ത്രി

**രാജ്നാഥ്സിംഗ്**

- 2020-നെ 'Year of Artificial Intelligence' ആയി പ്രഖ്യാപിച്ച സംസ്ഥാനം

**തെലുങ്കാന**

- ✔ **തെലുങ്കാനയുടെ മുഖ്യമന്ത്രി - ചന്ദ്രശേഖര റാവു**
- ✔ **തെലുങ്കാനയുടെ ഗവർണർ - തമിഴ് ഇസൈ സൗന്ദരരാജൻ**

- ഇന്ത്യയിലെ ആദ്യ സെൻട്രൽ പോലീസ് യൂണിവേഴ്സിറ്റി നിലവിൽ വരുന്നത്

**ഗ്രേറ്റർ നോയിഡ**

## ലോക വാർത്തകൾ

- 2019-ലെ യു.എൻ. കാലാവസ്ഥ ഉച്ചകോടിക്ക് വേദിയാകുന്ന നഗരം

**ന്യൂയോർക്ക്**

- ✔ **യു.എൻ. സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് അദ്ധ്യക്ഷത വഹിക്കുന്ന ഉച്ചകോടിയിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി സദസിനെ അഭിസംബോധന ചെയ്യും.**

- 55-ാമത് Indian Technical And Economic Cooperation (ITEC) ദിനം ആചരിച്ച രാജ്യം

**ബംഗ്ലാദേശ്**

- അടുത്തിടെ ഇന്ത്യാ സന്ദർശനം നടത്തിയ മംഗോളിയൻ പ്രസിഡന്റ്

**Khaltmaagiin Battutga**

- 2019-ൽ ന്യൂസിലന്റിൽ നടന്ന ഭീകരാക്രമണത്തെ ആസ്പദമാക്കി പുറത്തിറക്കുന്ന സിനിമ

**ഹലോ ബ്രദർ**

- ✔ സംവിധാനം – Moez Masud

## പുരസ്കാരങ്ങളും ബഹുമതികളും

◈ യു.എസ്. ആസ്ഥാനമായ Foundation For Excellence സംഘടനയുടെ 25-ാം വാർഷികത്തോടനുബന്ധിച്ച് നൽകിയ Education Excellence Award 2019-ന് അർഹനായ വ്യക്തി

**ആനന്ദ് കുമാർ (Super 30 സ്ഥാപകൻ)**

## വാർത്തകളിലെ പുസ്തകങ്ങൾ

◈ 'The Cousins Thackeray: Uddhav, Raj and the Shadow of their Senas' -എന്ന പുസ്തകത്തിന്റെ രചയിതാവ്

**Dhaval Kulkarni**

## കായിക വാർത്തകൾ

◈ ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ മെഡൽ നേടുന്ന അഞ്ചാമത്തെ ഇന്ത്യൻ വനിതാതാരം

**വിനേഷ് ഫോഗട്ട്**

- ✔ **അൽക ടോമർ (2006), ഗീതാ ഫോഗട്ട് (2012), ബബിത ഫോഗട്ട് (2012), പൂജ ദണ്ഡ (2018) എന്നിവരാണ് മെഡൽ നേടിയ മറ്റ് ഇന്ത്യൻ താരങ്ങൾ.**

◈ നാലു തവണ ഇംഗ്ലീഷ് ചാനൽ നിർത്താതെ നീന്തി പിന്നിട്ട ആദ്യ വ്യക്തിയെന്ന ചരിത്രം കുറിച്ച അമേരിക്കൻ നീന്തൽ താരം

**സാറാ തോമസ്**

◈ ക്രിക്കറ്റ് ആന്റ് സ്പോർട്സ് അക്കാഡമി നിലവിൽ വരുന്നത്

**ലെ (ലഡാക്ക്)**

◈ 2019 ഏഷ്യാകപ്പ് U-19 ജേതാക്കൾ

**ഇന്ത്യ**

# സെപ്തംബർ 20, 2019

## പ്രാദേശിക വാർത്തകൾ

- 2019 ഒക്ടോബർ 13-ന് ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിക്കുന്ന മലയാളി

**മറിയം ത്രേസ്യ**

- 2019 സെപ്തംബറിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച വ്യവസായ ഇടനാഴി ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ

**കോയമ്പത്തൂർ-കൊച്ചി**

- 2019-സെപ്തംബറിൽ അന്തരിച്ച പ്രശസ്ത മലയാള നടൻ

**സത്താർ**

- 2017-18 ലെ ദീൻദയാൽ ഉപാദ്ധ്യായ സശാക്തീകരൺ പുരസ്കാരം ലഭിച്ച കേരളത്തിലെ ജില്ലാ പഞ്ചായത്ത്

**തിരുവനന്തപുരം**

- കേരളത്തിൽ ഡ്രീംവാലി ഹൈഡൽ ടൂറിസം പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്

**പൊൻമുടി (ഇടുക്കി)**

## ദേശീയ വാർത്തകൾ

- പ്ലാസ്റ്റിക് വേസ്റ്റ് ശേഖരണത്തിനായി 2019 സെപ്തംബറിൽ ഇന്ത്യൻ റെയിൽവേ ആരംഭിച്ച സംരംഭം

**Massive Sharmdan**

- ഇന്ത്യയിലാദ്യമായി ഗ്രീൻ പ്ലാറ്റിനം റേറ്റിംഗ് ലഭിച്ച റെയിൽവേ സ്റ്റേഷൻ

**സെക്കന്ദരാബാദ്**

- അടുത്തിടെ നിലവിൽ വന്ന National Centre for Clean Coal Research and Development സ്ഥിതിചെയ്യുന്നത്

**ബംഗലൂരു**

- ലോകത്തിലെ ഏറ്റവും വലിയ Multi-Stage lift irrigation project നിലവിൽ വരുന്നത്

**കാലേശ്വരം (തെലുങ്കാന)**

- ✔ **ഗോദാവരി നദിയിലാണ് പദ്ധതി നിലവിൽ വരുന്നത്.**
- ◈ International Conference On Sustainability Education 2019- ന്റെ വേദി

**ന്യൂഡൽഹി**

- ◈ എല്ലാ ഗവൺമെന്റ്, പ്രൈവറ്റ് സ്കൂളുകളിലും മൂന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ സംസ്കൃതം നിർബന്ധിത പഠനവിഷയമാക്കിയ സംസ്ഥാനം

**ഉത്തരാഖണ്ഡ്**

- ✔ **ഉത്തരാഖണ്ഡ് മുഖ്യമന്ത്രി - ത്രിവേന്ദ്ര സിംഗ് റാവത്ത്**
- ✔ **ഉത്തരാഖണ്ഡ് ഗവർണർ - Baby Rani Maurya**
- ◈ മനുഷ്യ ബഹിരാകാശ ദൗത്യത്തിനായി ഏത് ഇന്ത്യൻ സംഘടനയുമായാണ് ഐ.എസ്.ആർ.ഒ. പങ്കാളിയാകുന്നത്?

**ഡി.ആർ.ഡി.ഒ.**

- ✔ **ഡി.ആർ.ഡി.ഒ. ചെയർമാൻ - ജി. സതീഷ് റെഡ്ഡി**
- ✔ **ഐ.എസ്.ആർ.ഒ. ചെയർമാൻ - കെ. ശിവൻ**
- ◈ അടുത്തിടെ ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞൻമാർ രണ്ട് പുതിയ ഇനം ഇഞ്ചി കണ്ടെത്തിയ സംസ്ഥാനം

**നാഗാലാന്റ്**

- ✔ **Zingiber Perenense, Zingiber Dimapurense എന്നീ പുതിയ ഇനം ഇഞ്ചികളെയാണ് കണ്ടെത്തിയത്.**

## ലോക വാർത്തകൾ

- ◈ അദാനി പോർട്ട്സ് ഇന്ത്യക്ക് പുറത്ത് ആരംഭിക്കുന്ന ആദ്യ Container Terminal നിലവിൽ വരുന്ന രാജ്യം

**മ്യാൻമാർ**

- ◈ 2030-ഓടുകൂടി പുതിയ പെട്രോൾ-ഡീസൽ വാഹനങ്ങളുടെ വിൽപ്പന നിർത്താൻ തീരുമാനിച്ച രാജ്യം

**അയർലന്റ്**

- ഭീകരവാദം കുറയ്ക്കുന്നതിനായി ജോയിന്റ് ബോർഡർ റിയാക്ഷൻ ഫോഴ്സ് ആരംഭിക്കാൻ തീരുമാനിച്ച രാജ്യങ്ങൾ

**ഇറാൻ, പാകിസ്താൻ**

- ഇന്ത്യയിൽ നിന്നും മോഷണം പോയ ബുദ്ധന്റെ വെങ്കല പ്രതിമ അടുത്തിടെ തിരിച്ചു നൽകിയ രാജ്യം

**യു.കെ.**

- സജ്ജീവ് രഞ്ജൻ ഏത് രാജ്യത്തിലേക്കുള്ള പുതിയ ഇന്ത്യൻ അംബാസഡറാണ്?

**ഇക്വാഡോർ**

## കായിക വാർത്തകൾ

- അടുത്തിടെ അന്താരാഷ്ട്ര മത്സരങ്ങൾ കളിക്കുന്നതിൽ നിന്നും ഐ.സി.സി. ഒരു വർഷത്തേക്ക് വിലക്ക് ഏർപ്പെടുത്തിയ ശ്രീലങ്കൻ ബൗളർ

Akila Dananjaya

- 2022-ബെയിജിങ് വിന്റർ ഒളിമ്പിക്സിന്റെ ഭാഗ്യചിഹ്നം

Bing Dwen Dwen (Smiling giant panda)

- ✔ ബെയിജിങ് വിന്റർ പാരാലിമ്പിക്സിന്റെ ഭാഗ്യ ചിഹ്നം - Shuey Rhon Rhon

- World Wrestling Championship 2019 - ന് വേദിയായ നഗരം

Nur Sultan (Kazakhstan)

- ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ എത്തുന്ന ആദ്യ ഇന്ത്യൻ പുരുഷതാരം

**അമിത് ഫംഗൽ**

# സെപ്തംബർ 21, 2019

## പ്രാദേശിക വാർത്തകൾ

- ദക്ഷിണ റെയിൽവേയുടെ ജനറൽ മാനേജറായി അടുത്തിടെ നിയമിതനായ മലയാളി

**ജോൺ തോമസ്**

- ഇറ്റലിയിലെ റോമിൽ നടക്കുന്ന ഇരുപതാമത് ഏഷ്യാറ്റിക് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ മത്സര വിഭാഗത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാള ചലച്ചിത്രം

**ബിരിയാണി**

- ✔ **സംവിധാനം - സജിൻ ബാബു**

- അജൈവ ഖരമാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 'സമൃദ്ധി റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ' ആരംഭിക്കുന്ന ബ്ലോക്ക് പഞ്ചായത്ത്

**നെടുമങ്ങാട്**

## ദേശീയ വാർത്തകൾ

- രണ്ടാംലോക മഹായുദ്ധത്തോടനുബന്ധിച്ച് പോളണ്ടിൽ നിന്ന് ഇന്ത്യയിലേയ്ക്ക് കുടിയേറിയ അഭയാർത്ഥികളോടുള്ള ബഹുമാനാർത്ഥം സ്തംഭം സ്ഥാപിതമായ ഇന്ത്യൻ നഗരം

**കോൽഹാപൂർ (മഹാരാഷ്ട്ര)**

- പോലീസിന്റെ വിവിധസേവനങ്ങൾ മൊബൈലിലൂടെ ലഭ്യമാക്കുന്നതിനായി ഡൽഹി പോലീസ് ആരംഭിച്ച ആപ്ലിക്കേഷൻ

**Tatpar**

- 92-ാമത് അക്കാഡമി അവാർഡിൽ മികച്ച വിദേശഭാഷ ചിത്രത്തിനായുള്ള ഔദ്യോഗിക എൻട്രി ലഭിച്ച ഇന്ത്യൻ ചലച്ചിത്രം

**ഗല്ലി ബോയ്**

- ✔ **സംവിധാനം - സോയാ അക്തർ**

- കേന്ദ്ര ആഭ്യന്തരമന്ത്രാലയം ദേശീയോദ്ഗ്രഥനത്തിനായി പ്രവർത്തിക്കുന്നവരെ ആദരിക്കുന്നതിനായി ഏർപ്പെടുത്തുന്ന പുരസ്കാരം

**സർദാർ പട്ടേൽ ഏകതാ പുരസ്കാരം**

- അടുത്തിടെ രാജിവച്ച മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ്

**ജസ്റ്റിസ് താഹിൽ രമണി**

- 2020-ഓടു കൂടി ഏത് വടക്കു കിഴക്കൻ സംസ്ഥാനത്തു നിന്നാണ് ബംഗ്ലാദേശിലേയ്ക്ക് ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നത്?

**ത്രിപുര (അഗർത്തല - അഖൗര)**

## ലോക വാർത്തകൾ

- അനധികൃത കുടിയേറ്റക്കാർക്ക് അടുത്തിടെ പൊതുമാപ്പ് പ്രഖ്യാപിച്ച രാജ്യം

**മലേഷ്യ**

- ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് 'ഗാന്ധി സൗരോർജ്ജപാർക്കും', 'ഗാന്ധി പീസ് ഗാർഡനും' നിലവിൽ വരുന്നത്

**ന്യൂയോർക്ക്**

✔ **ന്യൂയോർക്കിലെ യു.എൻ. ആസ്ഥാനത്ത് സ്ഥാപിച്ച സൗരോർജ്ജ പാനലുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നിർവ്വഹിക്കും.**

- അന്താരാഷ്ട്ര സമാധാന ദിനമായി ആചരിക്കുന്നത്

**സെപ്തംബർ 21**

✔ പ്രമേയം - Climate Action for Peace

✔ ലോക മറവി ദിനം - സെപ്തംബർ 21

## പുരസ്കാരങ്ങളും ബഹുമതികളും

- 2019-ലെ 'ശ്രീ ചിത്തിര തിരുനാൾ ദേശീയ പുരസ്കാരത്തി'-ന് അർഹനായ വ്യക്തി

**ഡോ. കെ. ശിവൻ (ISRO ചെയർമാൻ)**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'Being Gandhi'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**Paro Anand**

## കായിക വാർത്തകൾ

- കസാക്കിസ്ഥാനിൽ വച്ച് നടന്ന ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ താരങ്ങൾ

**ബജ്റംഗ് പൂനിയ, രവികുമാർ ദാഹിയ**

✔ **ലോക ചാമ്പ്യൻഷിപ്പുകളിൽ മൂന്ന് മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരമാണ് ബജ്റംഗ് പൂനിയ.**

◈ വിജയ് ഹസാരെ ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിൽ കേരള ടീമിനെ നയിക്കുന്നത്

**റോബിൻ ഉത്തപ്പ**

◈ ലോക ഗുസ്തി ചാമ്പ്യൻഷിപ്പിന്റെ ഫൈനലിൽ കടക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ താരം

**ദീപക് പുനിയ**

## സെപ്തംബർ 22, 2019

### പ്രാദേശിക വാർത്തകൾ

◈ കേരള ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസായി നിയമിതനായ വ്യക്തി

**ജസ്റ്റിസ് സി.കെ. അബ്ദുൾ റഹിം**

✔ **കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന ഋഷികേശ് റോയ് സുപ്രീംകോടതി ജഡ്ജിയായ ഒഴിവിലേയ്ക്കാണ് സി.കെ. അബ്ദുൾ റഹിമിന്റെ നിയമനം.**

◈ ഇന്ത്യയിലാദ്യമായി ട്രാൻസ്ജെന്റേഴ്സിനു വേണ്ടി ട്രാൻസ്-ആർട്ട് ഫെസ്റ്റിവൽ ആയ 'വർണ്ണപകിട്ട്-2019'-ന് ആതിഥേയത്വം വഹിച്ച സംസ്ഥാനം

**കേരളം**

### ദേശീയ വാർത്തകൾ

◈ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷിക ത്തോടനുബന്ധിച്ച് 'സ്വച്ഛ് ഭാരത് യൂണിവേഴ്സിറ്റി' നിലവിൽ വരുന്ന നഗരം

**വാർധ (മഹാരാഷ്ട്ര)**

◈ ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ പുതിയ ചെയർമാനായി നിയമിതനായ വ്യക്തി

**മധുകർ കാമത്ത്**

- ✔ **പത്രമാധ്യമങ്ങളുടെ പ്രചാരം ഓഡിറ്റ് ചെയ്യുന്ന സ്വതന്ത്ര സംഘടനയാണ് 1948-ൽ സ്ഥാപിതമായ ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻ.**

- ◈ ഗവേഷണ പ്രബന്ധങ്ങൾ കോപ്പിയടിച്ചതാണോ എന്ന് പരിശോധിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയ പുതിയ സോഫ്റ്റ്‌വെയർ

**ശോധ്ശുദ്ധി**

- ✔ **കേന്ദ്ര മാനവശേഷി മന്ത്രി - രമേശ് പൊഖ്രിയലാണ് ഈ സോഫ്റ്റ് വെയർ ഔദ്യോഗികമായി പുറത്തിറക്കിയത്.**

- ◈ മധ്യപ്രദേശ് സംസ്ഥാനത്തിന്റെ ബ്രാന്റ് അംബാസഡറായി നിയമിതനായ ബോളിവുഡ്താരം

**ഗോവിന്ദ**

- ◈ അടുത്തിടെ ഡെങ്കിപ്പനിക്കെതിരെ 'Champions Campaign' ആരംഭിച്ച സംസ്ഥാനം

**ന്യൂഡൽഹി**

- ◈ 2019-സെപ്തംബറിൽ ഇന്ത്യൻ ആർമി കിഴക്കൻ ലഡാക്കിൽ നടത്തിയ എക്സസൈസ്

**Chang-Thang Exercise**

- ◈ ഗൂഗിളിന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ Artificial Intelligence Research Lab സ്ഥാപിതമാകുന്നത്

**ബംഗളൂരു**

- ◈ ഏത് വിളയുടെ പുതിയ ഇനമാണ് Pusa Yashasvi

**ഗോതമ്പ്**

- ◈ ഗവൺമെന്റ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിന് നിരോധനം ഏർപ്പെടുത്തിയ സംസ്ഥാനം

**ആന്ധ്രാപ്രദേശ്**

- ◈ 2019-സെപ്തംബറിൽ അന്തരിച്ച പ്രശസ്ത ഇന്ത്യൻ ചലച്ചിത്രതാരം

**എസ്.കെ. പത്മാവതി**

- 2019-സെപ്തംബറിൽ Export Credit Guarantee Corporation (ECGC) ആരംഭിച്ച പുതിയ Export Credit Insurance Scheme

**NIRVIK**

## ലോക വാർത്തകൾ

- 2019-സെപ്തംബറിൽ അന്തരിച്ച ടുനീഷ്യയുടെ മുൻ പ്രസിഡന്റ്

**Zine-el-Abidine**

- 2019-ലെ ലോക കാലാവസ്ഥാ യുവജന ഉച്ചകോടിക്ക് വേദിയായ നഗരം

**ന്യൂയോർക്ക്**

- ✔ **2019 സെപ്തംബർ 21 മുതൽ 23 വരെയാണ് യു.എൻ. യുവജന കാലാവസ്ഥാ ഉച്ചകോടി ന്യൂയോർക്കിൽ നടക്കുന്നത്.**

- യു.എൻ. ന്റെ ഇന്റർനാഷണൽ മൈഗ്രന്റ് സ്റ്റോക്ക് 2019-റിപ്പോർട്ട് പ്രകാരം വിദേശത്ത് കുടിയേറിയവരുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം

**ഇന്ത്യ**

- ✔ **രണ്ടാം സ്ഥാനത്ത് മെക്സിക്കോയും മൂന്നാം സ്ഥാനത്ത് ചൈനയുമാണ്.**

- 2019-സെപ്തംബറിൽ ബുദ്ധന്റെ പ്രതിമ അനാച്ഛാദനം ചെയ്ത രാജ്യം

**മംഗോളിയ**

- ✔ **ഇന്ത്യൻ പ്രധാനമന്ത്രിയായ നരേന്ദ്രമോദിയും മംഗോളിയ പ്രസിഡന്റായ Khaltmaagiin Battulga യും ചേർന്നാണ് പ്രതിമ അനാച്ഛാദനം ചെയ്തത്.**

## വാർത്തകളിലെ പുസ്തകങ്ങൾ

- 2019-സെപ്തംബറിൽ ഉപരാഷ്ട്രപതി വെങ്കയ്യനായിഡു പ്രകാശനം ചെയ്ത എം.പി. വീരേന്ദ്രകുമാർ രചിച്ച 'ഹൈമവതഭൂവിൽ' എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷ

**ഹിമാലയൻ ഒഡീസി (പരിഭാഷക - ശ്രീകുമാരി രാമചന്ദ്രൻ)**

## കായിക വാർത്തകൾ

◈ 17-ാമത് ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് വേദിയാകുന്ന രാജ്യം

**ഖത്തർ (ദോഹ)**

✔ **2021-ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്റെ വേദി - അമേരിക്ക**

◈ ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ വെള്ളിമെഡൽ നേടുന്ന ആദ്യ ഇന്ത്യൻതാരം

**അമിത് ഫംഗൽ**

◈ 2019-സെപ്തംബറിൽ അന്തരിച്ച നെതർലാന്റ് മുൻ ഫുട്ബോൾ താരം

**Fernando Ricksen**

# സെപ്തംബർ 23, 2019

## പ്രാദേശിക വാർത്തകൾ

◈ കേരളത്തിലെ ആദ്യ സൈബർ ഡി അഡിക്ഷൻ സെന്റർ നിലവിൽ വന്ന സ്കൂൾ

**കെ.ടി.സി.ടി. സ്കൂൾ (കല്ലമ്പലം,തിരുവനന്തപുരം)**

◈ 'ലോസാഞ്ചലസ് ലവ്' രാജ്യാന്തര ചലച്ചിത്രമേളയിൽ മികച്ച സംവിധായകനുള്ള പുരസ്കാരത്തിനർഹനായ മലയാളി

**ജിയോ ബേബി**

✔ **ചിത്രം - കുഞ്ഞുദൈവം**

◈ അങ്കണവാടികൾ ഉൾപ്പെടെയുള്ള പിന്നാക്കം നിൽക്കുന്ന പ്രാഥമിക വിദ്യാലയങ്ങൾക്ക് പുതുമോടി പകരാൻ നാഷണൽ സർവ്വീസ് സ്കീമും വി.എച്ച്.എച്ച്.സി. യും ചേർന്ന് ആരംഭിച്ച പദ്ധതി

**ശ്രേഷ്ഠ ബാല്യം**

◈ 2019 സെപ്തംബറിൽ ഇന്ത്യൻ ഉപരാഷ്ട്രപതിയായ വെങ്കയ്യ നായിഡു ആരുടെ 150-ാം ജന്മവാർഷികാഘോഷങ്ങൾ ക്കാണ് കോട്ടയ്ക്കലിൽ തുടക്കം കുറിച്ചത്

**വൈദ്യരത്നം പി.എസ്. വാര്യർ (ആര്യവൈദ്യശാല സ്ഥാപകൻ)**

## ദേശീയ വാർത്തകൾ

- ഇന്ത്യയിലാദ്യമായി PET (Polythene Terephthalate) Bottle Crushing മെഷീൻ നിലവിൽ വന്നത്

**വെസ്റ്റേൺ റെയിൽവേ (മുംബൈ രാജധാനി എക്സ്പ്രസ്)**

- 'നാഷണൽ ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് ഹബ്ബ്' നിലവിൽ വന്ന നഗരം

**കൊൽക്കത്ത**

- ദേശീയ നദിയായ ഗംഗയുടെ പ്രാധാന്യവും സംരക്ഷണവും മുൻനിർത്തി 'നാഷണൽ മിഷൻ ഫോർ ക്ലീൻ ഗംഗ'-യും 'മിനിസ്ട്രി ഓഫ് ജൽശക്തി'-യും സംയുക്തമായി ഡൽഹിയിൽ ആരംഭിച്ച പരിപാടി

**ഗ്രേറ്റ് ഗംഗ റൺ–2019**

- ✔ **ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചത് – ഗജേന്ദ്രസിംഗ് ഷെഹാവത്ത്, കിരൺ റിജുജു**
- 'ദ ഗാർഡിയൻ' ദിനപത്രം പുറത്ത് വിട്ട പട്ടിക പ്രകാരം 21-ാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച നൂറ് ചിത്രങ്ങളുടെ പട്ടികയിൽ ഇടം നേടിയ ഏക ഇന്ത്യൻ ചലച്ചിത്രം

**Gangs of Wasseypur (59-ാം സ്ഥാനം)**

- ✔ **സംവിധാനം – അനുരാഗ് കശ്യപ്**

## ലോക വാർത്തകൾ

- യു.എൻ. അന്തർദേശീയ ആംഗ്യഭാഷാ ദിനമായി ആചരിക്കുന്നത്

**സെപ്തംബർ 23**

- ✔ പ്രമേയം – Sign Language Rights for All
- ✔ **ആദ്യമായി അന്തർദേശീയ ആംഗ്യഭാഷദിനമായി ആചരിക്കാൻ തുടങ്ങിയത് 2018 സെപ്തംബർ 23 മുതലാണ്.**
- അടുത്തിടെ കടബാധ്യതമൂലം അടച്ചുപൂട്ടൽ നടപടി തുടങ്ങിയ ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന ട്രാവൽ ഏജൻസി

**തോമസ് കുക്ക്**

- 2019 സെപ്തംബറിൽ നടന്ന 'ഹൗഡി മോദി' പരിപാടിക്ക് വേദിയായ നഗരം

**ഹൂസ്റ്റൺ (അമേരിക്ക)**

## പുരസ്കാരങ്ങളും ബഹുമതികളും

- ഗൗരി ലങ്കേഷ് മെമ്മോറിയൽ ട്രസ്റ്റിന്റെ പ്രഥമ 'ഗൗരി ലങ്കേഷ് ദേശീയ ജേർണലിസം അവാർഡി'-നർഹനായത്

**രവീഷ് കുമാർ (മാനേജിംഗ് എഡിറ്റർ ഓഫ് NDTV)**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'Girl Power: Indian Women Who Broke The Rules'-എന്ന പുസ്തകത്തിന്റെ രചയിതാവ്

**Neha J Hiranandani**

## കായിക വാർത്തകൾ

- 2019-ലെ ചൈന ഓപ്പൺ ബാഡ്മിന്റൺ വനിതാ വിഭാഗം ജേതാവ്

**കരോളിന മരിൻ (സ്പെയിൻ)**

- ✓ **ഫൈനലിൽ തായ്‌വാന്റെ തായ് ത്സു യിങ്ങിനെ പരാജയപ്പെടുത്തിയാണ് കരോളിന മരിൻ കിരീടം സ്വന്തമാക്കിയത്.**

- ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ 61 കിലോ ഗ്രാം വിഭാഗത്തിൽ വെങ്കലമെഡൽ നേടിയ ഇന്ത്യൻ താരം

**രാഹുൽ അവാരെ**

- ചൈനീസ് ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസ് വിജയി

**കെന്റോ മൊമോട്ട (ജപ്പാൻ)**

- ✓ **ഫൈനലിൽ ഇന്തോനേഷ്യയുടെ ആന്റണി സിനിസുകജിന്റിങ്ങിനെയാണ് പരാജയപ്പെടുത്തിയത്.**

- അടുത്തിടെ അന്തരിച്ച ഇന്ത്യയുടെ മുൻ ഓപ്പണിംഗ് ബാറ്റ്സ്മാനായിരുന്ന ക്രിക്കറ്റ് താരം

**മാധവ് ആപ്തെ**

- 2019 ഫെഡറേഷൻ കപ്പ് ജൂനിയർ അത്‌ലറ്റിക് മീറ്റിന് വേദിയാകുന്ന സംസ്ഥാനം

**തമിഴ്നാട് (തിരുവണ്ണാമലൈ)**

## സെപ്തംബർ 24, 2019

### പ്രാദേശിക വാർത്തകൾ

- കേരളത്തിലെ ആദ്യ അഗ്രോപാർക്ക് നിലവിൽ വരുന്ന ജില്ല

**തൃശ്ശൂർ (കണ്ണാറ, ബനാന-ഹണി അഗ്രോപാർക്ക്)**

- ✔ **കാർഷികോത്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി വിപണനം നടത്തുകയാണ് അഗ്രോപാർക്കുകളുടെ ലക്ഷ്യം.**

- കേരളത്തിലെ ഐ.ടി. പാർക്കുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിതനായ വ്യക്തി

**പി.എം. ശശി**

- സ്പെയിനിലെ സി.ഐ.എം. സ്യൂക്ക അന്താരാഷ്ട്ര ഹ്രസ്വ ചലച്ചിത്ര മേളയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാള ഹ്രസ്വ ചിത്രം

**മൈ റോഡ്**

- ✔ **സംവിധാനം - സന്തോഷ് വള്ളിക്കോട്**

### ദേശീയ വാർത്തകൾ

- ചികിത്സാ, വ്യാവസായികാവശ്യങ്ങൾക്ക് അടുത്തിടെ കഞ്ചാവ് നിയമ വിധേയമാക്കാൻ ഒരുങ്ങുന്ന സംസ്ഥാനം

**മണിപ്പൂർ**

- ✔ **ചികിത്സാ ആവശ്യങ്ങൾക്കായി ഉത്തർപ്രദേശ്, അരുണാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾ കഞ്ചാവ് കൃഷി നിയമവിധേയ മാക്കിയിരുന്നു.**

- അടുത്തിടെ സംഘകാലഘട്ടത്തിലെ തെളിവുകൾ ലഭിച്ച തമിഴ്നാട്ടിലെ പ്രദേശം

**Keeladi**

- ഇന്ത്യൻ രാഷ്ട്രപതിയായ രാംനാഥ് കോവിന്ദ് ആറാമത് 'India Water Week 2019'-ന് തുടക്കം കുറിച്ച നഗരം

**ന്യൂഡൽഹി**

- ✔ **Theme : Water Co-operation Coping with 21st Century**

- 2019 സെപ്തംബറിൽ ജനഗണമന ഭവൻ (സെൻസസ് ബിൽഡിംഗ്)-ന് തറക്കല്ലിട്ട നഗരം

**ന്യൂഡൽഹി**

- ✔ **കേന്ദ്ര ആഭ്യന്തരമന്ത്രിയായ അമിത് ഷാ ആണ് സെൻസസ് ബിൽഡിംഗ് തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചത്.**

- Waste Management Accelerator for Aspiring Women Entrepreneurs (WAWE) സമ്മിറ്റിന്റെ വേദി

**ന്യൂഡൽഹി**

- ഇന്ത്യയുടെയും അമേരിക്കയുടെയും സംയുക്ത tri-service എക്സർസൈസായ 'Tiger-Triumph'-നു വേദിയാകുന്ന സംസ്ഥാനം

**ആന്ധ്രാപ്രദേശ് (വിശാഖപട്ടണം, കാക്കിനാട)**

- ✔ **2019 നവംബർ മാസത്തിലാണ് ഈ എക്സർസൈസ് നടക്കുന്നത്.**

- അടുത്തിടെ ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോഡിൽ ഇടം നേടിയ കാശ്മീരി നൃത്തം

**Ladakhi Shondol**

- നാഷണൽ കോൺഫറൻസ് ഓൺ അഗ്രികൾച്ചർ - റാബി കാംപയിന് വേദിയായ നഗരം

**ന്യൂഡൽഹി**

- 2019-ലെ International Indian Film Academy Award-ൽ മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടത്

**Raazi (സംവിധാനം-മേഘ്ന ഗുൽസാർ)**

- ✔ **മികച്ച സംവിധാനം-ശ്രീറാം രാഘവൻ (ചിത്രം-അന്താധുൻ)**
- ✔ **മികച്ച നടൻ - രൺവീർ സിംഗ് (ചിത്രം-പദ്മാവത്)**
- ✔ **മികച്ച നടി - ആലിയാ ഭട്ട് (ചിത്രം-റാസി)**

## ലോക വാർത്തകൾ

- യൂണിയൻ ഗവൺമെന്റിന്റെ 'ഡിജിറ്റൽ പേയ്മെന്റ് അഭിയാൻ' -നുമായി സഹകരിക്കുന്ന കമ്പനി

**ഗൂഗിൾ**

- 2019-ൽ ഏത് രാജ്യത്തിൽ നടന്ന ഭീകരാക്രമണത്തെ ആസ്പദമാക്കി പുറത്തിറങ്ങുന്ന സിനിമയാണ് 'ഹലോ ബ്രദർ'

**ന്യൂസിലന്റ്**

- യെമനിൽ ഐക്യരാഷ്ട്രസഭ നടത്തുന്ന ദൗത്യത്തിന്റെ തലവനായി നിയമിതനായ മുൻ ഇന്ത്യൻ സൈനികൻ

**Lt. Gen. Abhijit Guha**

## പുരസ്കാരങ്ങളും ബഹുമതികളും

- ലണ്ടനിൽ നടന്ന 21st Century Icon Award-ൽ Magnificient Performing Arts Award-ന് അർഹനായ ഇന്ത്യൻ ഗായകൻ

**Sonu Nigam**

## വാർത്തകളിലെ പുസ്തകങ്ങൾ

- 'India in the Persianate Age: 1000-1765' - എന്ന പുസ്തകത്തിന്റെ രചയിതാവ്

**Richard M Eaton**

## കായിക വാർത്തകൾ

- ലോക അത്‌ലറ്റിക് മീറ്റിൽ പങ്കെടുക്കുന്നതിന് രാജ്യാന്തര അത്‌ലറ്റിക് ഫെഡറേഷൻ വിലക്ക് ഏർപ്പെടുത്തിയ രാജ്യം

**റഷ്യ**

- 2019 -ലെ ഫോർമുല വൺ സിംഗപ്പൂർ ഗ്രാന്റ് പ്രിക്സ് ജേതാവ്

**Sebastian Vettel (ഫെരാരി ഡ്രൈവർ)**

- 2019-ഏഷ്യൻ പുരുഷ വോളിബോൾ ചാമ്പ്യൻഷിപ്പ് ജേതാക്കൾ

**ഇറാൻ**

